16
2021
ഡിസംബർ
വ്യാഴം
1197
ധനു 1

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 203 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-203 പേജ് 4. വില 2.00 രൂപ




02 സ്ത്രീപക്ഷ നവകേരളം18ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും
03 ബീമാപള്ളി ഉറൂസിന് ആവശ്യമായ സൗകര്യമൊരുക്കും
04 സംസ്ഥാനത്ത് ഇന്ന് 4,006 പേർക്ക് കോവിഡ്; മരണം 43,626 ആയി

# സിൽവർലൈൻ; പിന്മാറുന്നത് കേന്ദ്രം അംഗീകരിച്ച പദ്ധതിയിൽനിന്ന്: പിണറായി

തിരുവനന്തപുരം : കേന്ദ്ര സർക്കാർ അംഗീകരിച്ച പദ്ധതിയിൽനിന്നുപോലും കേന്ദ്രം പിന്മാറുകയാണെന്ന് സിപിഐ എം പൊളിറ്റ് ബ്യൂറോ അംഗം പിണറായി വിജയൻ പറഞ്ഞു. സിപിഐ എം കാട്ടാക്കട ഏരിയ സമ്മേളനത്തിന്റെ ഭാഗമായി നടന്ന വെർച്വൽ റാലി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേന്ദ്ര ബജറ്റിൽ ദേശീയ റെയിൽ ആസൂത്രണത്തിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ് തിരുവനന്തപുരം കാസർകോട് അർധ അതിവേഗ റെയിൽപ്പാത. ബജറ്റ് പ്രസംഗത്തെപ്പോലും അട്ടിമറിക്കുന്ന രീതിയിലാണ് ഇപ്പോഴത്തെ കാര്യങ്ങൾ.



പദ്ധതിക്ക് കേന്ദ്ര സഹായം നൽകുന്നില്ലെന്ന് മാത്രമല്ല മുഴുവൻ ചെലവും സംസ്ഥാനത്തിനുമേൽ അടിച്ചേൽപ്പിക്കാനുമാണ് ശ്രമിക്കുന്നത്. വായ്പയിലൂടെയാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. എന്നാൽ വായ്പ എടുക്കാനുള്ള സംസ്ഥാനത്തിന്റെ അധികാരത്തിൽപ്പോലും കേന്ദ്രം ഇടപെടുകയാണ്. ഭക്തർക്ക് സുഗമമായി ശബരിമലയിൽ എത്താനുള്ള അങ്കമാലി ശബരി റെയിൽപ്പാത പദ്ധതിയുടെ പകുതി ചെലവ് സംസ്ഥാനം വഹിക്കാമെന്ന് അറിയിച്ചിരുന്നു. എന്നിട്ടും കേന്ദ്ര സർക്കാർ പദ്ധതിയോട് താൽപ്പര്യം കാണിക്കുന്നില്ല. നാടിന്റെ വികസന കുതിപ്പിന് തടയിടാനുള്ള ശ്രമങ്ങൾ തിരിച്ചറിയണമെന്നും അദ്ദേഹം പറഞ്ഞു.

## സുധീഷ് കൊലക്കേസ്; മുഖ്യപ്രതികൾ പിടിയിൽ

തിരുവനന്തപുരം: പോത്തൻകോട് സുധീഷ് കൊലക്കേസിൽ മുഖ്യപ്രതികൾ പിടിയിൽ. ഒന്നാം പ്രതി സുധീഷ് ഉണ്ണി, മൂന്നാം പ്രതി മിഠായി ശ്യാം എന്നിവരാണ് പിടിയിലായത്. പിടിയിലായ മിഠായി ശ്യാം കൊല്ലപ്പെട്ട സുധീഷിൻറെ ഭാര്യ സഹോദരനാണ്. രണ്ടാം പ്രതിയായ ഒട്ടകം രാജേഷിനെയാണ് ഇനി പിടികൂടാനുള്ളത്.

കേസിൽ അഞ്ച് പ്രതികളെക്കൂടി ആറ്റിങ്ങൽ കോടതി റിമാൻഡ് ചെയ്തിരുന്നു. കൊലയ്ക്ക് ഉപയോഗിച്ച വാളും വെട്ടുകത്തികളും വെഞ്ഞാറമൂട് മൂളയം പാലത്തിനു സമീപത്തെ പറമ്പിൽനിന്നു കണ്ടെത്തി.പ്രതികളെ ഇവിടെ എത്തിച്ചാണ് പോത്തൻകോട് പോലീസ് തെളിവെടുത്തത്.

ആറ്റിങ്ങൽ മങ്കാട്ടുമൂലയിൽ നടന്ന രണ്ട് അക്രമ സംഭവങ്ങളുടെ തുടർച്ചയാണ് കല്ലൂരിലെ കൊലപാതകം. ശനിയാഴ്ച ഉച്ചയ്ക്ക് 2.45ന് ബൈക്കുകളിലും ഓട്ടോയിലുമായി 11 അംഗ സംഘമാണ് സുധീഷിനെ കൊലപ്പെടുത്തിയത്.

മംഗലപുരം, ആറ്റിങ്ങൽ സ്റ്റേഷനുകളിൽ വധശ്രമം അടിപിടി കേസുകളിൽ പ്രതിയാണ് മരിച്ച സുധീഷ്. ആറ്റിങ്ങൾ മങ്ങാട്ടുമൂലയിൽ ഇക്കഴിഞ്ഞ ആറിന് സുധീഷിൻറെ സംഘം വീട് ആക്രമിച്ചു രണ്ട് പേരെ വെട്ടിപ്പരിക്കേൽപ്പിച്ചിരുന്നു.

രാജേഷിൻറെ സംഘത്തിന് നേരെയായിരുന്നു ഈ ആക്രമണമെന്നാണ് വിവരം. ഈ കേസിൽ അഞ്ച് പേർ ഇപ്പോൾ ജയിലിലാണ്. പ്രത്യാക്രമണം തുടരുമെന്നു മനസിലാക്കിയ സുധീഷ് കല്ലൂർ പാണൻ വിളയിലെ അമ്മയുടെ കുടുംബ വീട്ടിൽ ഒളിവിലായിരുന്നു.

# കുട്ടിക്ക് നഷ്ടപരിഹാരം നൽകണം: വീണ്ടും പോലീസിനെ കുടഞ്ഞ് ഹൈക്കോടതി

കൊച്ചി: ആറ്റിങ്ങലിൽ പെൺകുട്ടിയെയും പിതാവിനെയും പിങ്ക് പോലീസ് അപമാനിച്ച വിഷയത്തിൽ കേരളാ പോലീസിനെതിരേ വിമർശനവുമായി വീണ്ടും ഹൈക്കോടതി. ജനം കൂടിയപ്പോഴാണ് കുട്ടി കരഞ്ഞതെന്ന ഡിജിപിയുടെ വിശദീകരണം തെറ്റാണ്. പോലീസ് ക്ലബിൽ ഇരുന്നാണോ ഇതിൻറെ അന്വേഷണം നടത്തിയതെന്നും കോടതി ചോദിച്ചു.

പോലീസുകാരിയെ പോലീസ് മേധാവി എന്തിനാണ് സംരക്ഷിക്കുന്നത്. ഉദ്യോഗസ്ഥയ്ക്കെതിരേ എന്ത് നടപടിയെടുത്തെന്ന് ഇതുവരെ ഡിജിപി വ്യക്തമാക്കിയിട്ടില്ല. അച്ചടക്ക നടപടി എടുക്കാൻ മടിക്കുന്നത് എന്തുകൊണ്ടാണെന്നും സ്ഥലം മാറ്റം ശിക്ഷാ നടപടിയല്ലെന്നും കോടതി പറഞ്ഞു.

പോലീസ് ഉദ്യോഗസ്ഥയുടെ മാപ്പ് അംഗീകരിക്കുന്നോ എന്ന് കുടുംബത്തോട് കോടതി ചോദിച്ചു. എന്നാൽ ആ കുടുംബം അനുഭവിച്ച മാനസിക പീഢനം വലുതെന്നും സർക്കാർ ശക്തമായ നടപടിയാണ് സ്വീകരിക്കേണ്ടതെന്നും അഭിഭാഷകൻ മറുപടി നൽകി.

ഉദ്യോഗസ്ഥയ്ക്ക് അബദ്ധം പറ്റിയതാകാം, എന്നാൽ മറുപടി പറയാനുള്ള ബാധ്യത പോലീസുകാരിക്കുണ്ട്. കേസിൽ നിതി കിട്ടിയെന്ന് കുട്ടിക്കും കുടുംബത്തിനും തോന്നണം. മാനസികമായ പിന്തുണ നൽകാമെന്നാണ് സർക്കാർ പറയുന്നത്. എന്നാൽ അതു മാത്രമാണോ കുട്ടിക്ക് ആവശ്യമെന്നും കോടതി ചോദിച്ചു. കുട്ടിക്ക് നഷ്ടപരിഹാരം നൽകാൻ സർക്കാർ തയാറാകണം. നമ്പി നാരായണന് കൊടുത്തതുപോലെ നഷ്ടപരിഹാരം നൽകാൻ സർക്കാർ ശ്രമിക്കണം. തിങ്കളാഴ്ച ഇക്കാര്യത്തിൽ സർക്കാർ മറുപടി നൽകണമെന്നും കോടതി ആവശ്യപ്പെട്ടു

# മുന്നറിയിപ്പ് നൽകിയാണ് മുല്ലപ്പെരിയാർ തുറന്നത്; തമിഴ്നാട് സുപ്രീം കോടതിയിൽ

ന്യൂഡൽഹി: മുല്ലപ്പെരിയാറിൽ മുന്നറിയിപ്പില്ലാതെ വെള്ളം തുറന്നു വിട്ടെന്ന കേരളത്തിൻറെ പരാതി തള്ളി തമിഴ്നാട്. മുന്നറിയിപ്പ് നൽകിയ ശേഷമാണ് മുല്ല പ്പെരിയാറിൽ നിന്ന് ജലം തുറന്നുവിട്ടതെന്ന് തമിഴ്നാട് സുപ്രീം കോടതിയിൽ നൽകിയ മറുപടി സത്യവാങ്മൂലത്തിൽ വ്യക്തമാക്കി.



അണക്കെട്ടിലെ വെള്ളത്തിൻറെ അളവ് നോക്കിയാണ് തുറന്നുവിടുന്നത്. ജലമൊഴുക്ക് ശക്തിപ്പെടുന്ന സാഹചര്യത്തിൽ അർധരാത്രിയിൽ അടക്കം ഷട്ടറുകൾ തു റക്കേണ്ടി വരും. തുറന്നുവിടും മുമ്പ് കേരളത്തിന് കൃത്യമായ വിവരം നൽകിയിരുന്നു. മുന്നറിയിപ്പ് ഉണ്ടായില്ലെന്ന ആരോപണം തെറ്റാണെന്നും തമിഴ്നാട് സ ത്യവാങ്മൂലത്തിൽ പറഞ്ഞു.

സംയുക്ത സാങ്കേതിക ഓൺ സൈറ്റ് സമിതി രൂപീകരിക്കണമെന്ന കേരളത്തിൻറെ ആവശ്യത്തിലും തമിഴ്നാട് എതിർപ്പുന്നയിച്ചു. മുല്ലപ്പെരിയാർ ഹർജികൾ ബു ധനാഴ്ച പരിഗണിക്കാനിരിക്കേയാണ് തമിഴ്നാട് നിലപാട് അറിയിച്ചത്. അണക്കെട്ട് ശക്തിപ്പെടുത്താൻ കേരളം തടസം നിൽക്കുന്നുവെന്നാണ് തമിഴ്നാട് ആരോപിക്കുന്നത്.

# ശംഖുമുഖം എയർപോർട്ട് റോഡ് ഫെബ്രുവരിയിൽ ഗതാഗതയോഗ്യമാകും: മന്ത്രി ആന്റണി രാജു

കടലാക്രമണത്തിൽ തകർന്ന ശംഖുമുഖംഎയർപോർട്ട് റോഡ് ഫെബ്രുവരിയിൽ പൂർണമായും വാഹന ഗതാഗതത്തിനായി തുറന്നുകൊടുക്കുമെന്ന് ഗതാഗതമന്ത്രി ആന്റണി രാജു.

മുന്നൂറ്റി അറുപത് മീറ്റർ നീളമുള്ള ഡയഫ്രം വാളാണ് റോഡിനായി നിർമ്മിക്കുന്നത്. ഡയഫ്രം വാൾ പണിയുന്നതിനായി നിർമ്മിക്കുന്ന ഗൈഡ് വാളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ബുധനാഴ്ച ആരംഭിച്ചുവെന്നും പൊതുമരാമത്ത് ഉദ്യോഗസ്ഥരോടൊപ്പം സ്ഥലം സന്ദർശിച്ചശേഷം മന്ത്രി പറഞ്ഞു.

ഗൈഡ് വാളിന്റെയും ഡയഫ്രം വാളിന്റെയും നിർമ്മാണ പ്രവർത്തികൾ സമാന്തരമായി നടക്കും. എട്ടു മീറ്റർ ആഴത്തിലുള്ള കോൺക്രീറ്റ് പാനലുകൾ ഉപയോഗിച്ചാണ് ഡയഫ്രം വാൾ നിർമ്മിക്കുന്നത്. പടിഞ്ഞാറ് ഭാഗത്തേക്ക് ചരിച്ചിറക്കിയ കരിങ്കൽ ഭിത്തി കടലാക്രമണത്തിൽ നിന്ന് ഡയഫ്രം വാളിന് സംരക്ഷണം നൽകും. അനുകൂലമായ കാലാവസ്ഥ പ്രയോജനപ്പെടുത്തി നിർമ്മാണ പ്രവർത്തികൾ വേഗത്തിൽ തീർക്കണമെന്ന് ഉദ്യോഗസ്ഥർക്കും കരാറുകാർക്കും മന്ത്രി നിർദ്ദേശം നൽകി.

നിർമാണ പ്രവർത്തനങ്ങൾക്ക് പല ഘട്ടങ്ങളായി സർക്കാർ അനുമതി നൽകിയിട്ടുണ്ടെന്നും പൊതുമരാമത്ത് മന്ത്രി പി.എ. മുഹമ്മദ് റിയാസ് നിരവധി അവലോകന യോഗങ്ങൾ വിളിച്ചിരുന്നുവെന്നും മന്ത്രി പറഞ്ഞു.

നിർമ്മാണ പ്രവർത്തനങ്ങൾ നടക്കവെ മെയ് മാസത്തിൽ ടൗട്ടെ ചുഴലിക്കാറ്റിനെ തുടർന്നുണ്ടായ കടലാക്രമണത്തിൽ നിർമ്മാണത്തിലിരുന്ന സ്ഥലങ്ങളിൽ വലിയ കേടുപാടുകൾ സംഭവിക്കുകയും മണ്ണൊലിച്ച് പോവുകയും ചെയ്തിരുന്നു. ഇത് നിർമ്മാണ പ്രവർത്തനങ്ങൾ നീണ്ടു പോകുവാൻ കാരണമായിട്ടുണ്ട്.

പി.ഡബ്ല്യു.ഡി എക്സിക്യൂട്ടീവ് എൻജിനീയർ (റോഡ്സ്) ആർ ജ്യോതി, കൗൺസിലർ സെറാഫിൻ ഫ്രെഡി, കരാർ കമ്പനിയുടെ ഉദ്യോഗസ്ഥർ എന്നിവർ സന്നിഹിതരായിരുന്നു.

# ആവശ്യപ്പെടാതെ നൽകുന്ന ധനം സ്ത്രീധനമല്ല

കൊച്ചി: വിവാഹസമയത്ത് വധുവിൻറെ ക്ഷേമത്തിനായി ആരും ആവശ്യപ്പെടാതെതന്നെ മാതാപിതാക്കൾ നൽകുന്ന സമ്മാനങ്ങൾ സ്ത്രീധനത്തിൻറെ പരിധിയിൽ വരില്ലെന്ന് ഹൈക്കോടതി. വിവാഹ സമയത്ത് യുവതിക്ക് ലഭിച്ച ആഭരണങ്ങൾ തിരിച്ചു നൽകണമെന്ന ഉത്തരവിനെതിരെ ഭർത്താവ് നൽകിയ ഹർജിയിലാണ് കോടതിയുടെ നിരീക്ഷണം.

യുവതിയുടെ ആഭരണങ്ങൾ തിരിച്ചു നൽകാൻ കൊല്ലം ജില്ലാ സ്ത്രീധന നിരോധന ഓഫീസർ ഉത്തരവിട്ടതിനെതിരെ തൊടിയൂർ സ്വദേശിയായ ഭർത്താവാണ് ഹർജി നൽകിയത്. വിവാഹത്തിന് തനിക്കു ലഭിച്ച 55 പവൻ സ്വർണാഭരണങ്ങൾ സഹകരണ ബാങ്കിലെ ലോക്കറിൽ വച്ചിരിക്കുകയാണെന്നും ഇവ തിരിച്ചു നൽകാൻ നിർദേശം നൽകണമെന്നുമായിരുന്നു യുവതിയുടെ ആവശ്യം. ഇവ തിരിച്ചുനൽകാൻ ജില്ലാ സ്ത്രീധന നിരോധന ഓഫീസർ ഉത്തരവിടുകയും ചെയ്തു. എന്നാൽ ആഭരണങ്ങൾ സ്ത്രീധനമല്ലെന്നും ആ നിലയ്ക്ക് ഉത്തരവ് നൽകാൻ ഓഫീസർക്ക് അധികാരമില്ലെന്നും ചൂണ്ടിക്കാട്ടിയാണ് ഹർജിക്കാരൻ ഹൈക്കോടതിയെ സമീപിച്ചത്.

യുവതിക്ക് വിവാഹ സമ്മാനമായി മാതാപിതാക്കൾ നൽകിയ സ്വർണാഭരണങ്ങൾ ഹർജിക്കാരൻറെയും യുവതിയുടെയും പേരിലുള്ള സംയുക്ത ലോക്കറിലാണ് സൂക്ഷിച്ചിട്ടുള്ളത്. ആരും ആവശ്യപ്പെടാതെ യുവതിക്ക് മാതാപിതാക്കൾ സമ്മാനിച്ച സ്വർണാഭരണങ്ങൾ നിയമപ്രകാരം സ്ത്രീധനത്തിൻറെ പരിധിയിൽ വരില്ല. ആഭരണങ്ങൾ സ്ത്രീധനമായി ലഭിച്ചതാണോയെന്നു ഓഫീസർ പരിശോധിച്ച് ഉറപ്പു വരുത്തിയതായി ഉത്തരവിൽ വ്യക്തമല്ലെന്നും സിംഗിൾ ബെഞ്ച് വിലയിരുത്തി. തുടർന്ന് സ്ത്രീധന നിരോധന ഓഫീസറുടെ ഉത്തരവ് നിയമപരമല്ലെന്ന് ചൂണ്ടിക്കാട്ടി ജസ്റ്റീസ് എം.ആർ. അനിത റദ്ദാക്കി. ലോക്കറിൽ വച്ചിട്ടുള്ള ആഭരണങ്ങളും വിവാഹസമയത്ത് വധുവിൻറെ വീട്ടുകാർ തനിക്കു നൽകിയ മാലയും തിരിച്ചു നൽകാമെന്ന് ഹർജിക്കാരൻ അറിയിച്ചു. യുവതിയും ഇതു സമ്മതിച്ചതിനെത്തുടർന്ന് ഹർജി തീർപ്പാക്കി.

# കോട്ടയത്ത് മൂന്നിടത്ത് പക്ഷിപ്പനി; ഒരു കിലോ മീറ്റർ പരിധിയിലുള്ള താറാവുകളെ നശിപ്പിക്കും

കോട്ടയം: ജില്ലയിൽ മൂന്നിടത്ത് പക്ഷിപ്പനി സ്ഥിരീകരിച്ചു. വെച്ചൂർ, അയ്മനം, കല്ലറ പഞ്ചായത്തുകളിൽ നിന്നുള്ള സാമ്പിളുകളിൽ പക്ഷിപ്പനി സ്ഥിരീകരിച്ചതായി കളക്ടർ ഡോ. പി കെ ജയശ്രീ അറിയിച്ചു.

ഭോപ്പാലിലെ നാഷണൽ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ഹൈ സെക്യൂരിറ്റി ആനിമൽ ഡിസീസസ് ലാബിലാണ് സാമ്പിളുകൾ പരിശോധിച്ചത്. പക്ഷിപ്പനിയുടെ പ്രഭവകേന്ദ്രത്തിന് ഒരു കിലോമീറ്റർ പരിധിയിലുള്ള താറാവുകളെ ബുധനാഴ്ച മുതൽ നശിപ്പിക്കും. 35000 പക്ഷികളെ കൊല്ലേണ്ടി വരുമെന്നും കളക്ടർ അറിയിച്ചു.

തുടർനടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് പ്രസിഡൻറുമാരുടെയും ഉദ്യോഗസ്ഥരുടെയും അടിയന്തര യോഗം കളക്ടറേറ്റിൽ നടന്നു. ആലപ്പുഴ ജില്ലയിൽ നെടുമുടി പഞ്ചായത്തിലും കരുവാറ്റയിലും പക്ഷിപ്പനി സ്ഥിരീകരിച്ചു. നേരത്തേ തകഴി പഞ്ചായത്തിൽ പക്ഷിപ്പനി സ്ഥിരീകരിച്ചതിനെത്തുടർന്ന് താറാവുകളെയും പക്ഷികളെയും കൊന്നു നശിപ്പിച്ചിരുന്നു.

## ഹിന്ദുക്കളുടെ ഭരണം: രാഹുലിൻെറ പ്രസ്താവന ഭരണഘടനാ വിരുദ്ധമെന്ന് എം. എ. ബേബി

കൽപ്പറ്റ: രാജ്യത്ത് ഹിന്ദുക്കളുടെ ഭരണം വേണമെന്ന രാഹുൽ ഗാന്ധിയുടെ പ്രസ്താവന ഭരണഘടനാ വിരുദ്ധവും ശുദ്ധ അസംബന്ധവുമാണെന്ന് സിപിഎം പൊളിറ്റ് ബ്യൂറോ അംഗം എം.എ. ബേബി. ചരിത്രം രേഖപ്പെടുത്തുന്ന പ്രസംഗത്തിലൂടെ കോൺഗ്രസിനെയും അതിൻറെ പാരമ്പര്യത്തെയും അപമാനിക്കുകയാണ് രാഹുൽ ചെയ്തത്. സിപിഎം വയനാട് ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംഘപരിവാർ ആശയം മറ്റൊരു രൂപത്തിൽ അവതരിപ്പിക്കുകയാണ് രാഹുൽ ചെയ്തത്. രാഹുൽ പറഞ്ഞത് മുൻകാല പ്രാബല്യത്തോടെ നടപ്പാക്കുകയാണെങ്കിൽ മൻമോഹൻസിംഗിനും ജവഹർലാൽ നെഹ്റുവിന് പോലും പ്രധാനമന്ത്രിയാകാൻ കഴിയില്ലായിരുന്നു.

കാരണം താനൊരു ഹിന്ദുവല്ലെന്ന് നെഹ്റു പറഞ്ഞിരുന്നു. ഹിന്ദുരാഷ്ട്ര സ്ഥാപനത്തിനായി നിലകൊള്ളുന്ന ബിജെപിയെ നേരിടാൻ ഹിന്ദുരാജ്യമാണ് തങ്ങളുടെ ലക്ഷ്യമെന്ന് പറയുന്നത് ലജ്ജാകരമാണ്.

# തലച്ചുമട് മനുഷ്യ വിരുദ്ധം: നിരോധിക്കണമെന്ന് ഹൈക്കോടതി

കൊച്ചി: തലച്ചുമട് ജോലി നിരോധിക്കണമെന്ന് ഹൈക്കോടതി. മെഷീനുകൾ ഇല്ലാത്ത കാലത്തെ രീതി ഇനിയും തുടരാനാവില്ലെന്ന് ജസ്റ്റീസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു.

'തലച്ചുമട് അവസാനിപ്പിക്കേണ്ടതാണ്, അതൊരു മനുഷ്യ വിരുദ്ധമായ പ്രവൃത്തിയാണ്. പൗരന്മാരെ ഈ ദുരിതത്തിലേക്കു വിട്ടുനൽകാൻ നമുക്കെങ്ങനെ കഴിയും' ജസ്റ്റീസ് ദേവൻ രാമചന്ദ്രൻ ചോദിച്ചു. ലോഡിംഗ് പണി ചെയ്യുന്നതിന് തൊഴിലാളികൾക്ക് ആധുനിക യന്ത്രങ്ങൾ ലഭ്യമാക്കുകയും അതിന് പരിശീലനം നൽകുകയും വേണമെന്ന് കോടതി പറഞ്ഞു.

പാവപ്പെട്ടവരാണ് ലോഡിംഗ് തൊഴിലാളികളായി വരുന്നത്. അവർക്കു മറ്റു ജോലികൾ ചെയ്യാനാവില്ല. ഇത് നിക്ഷിപ്ത താത്പര്യക്കാർ മുതലാക്കുകയാണ്. രാഷ്ട്രീയ പാർട്ടികൾ ഉൾപ്പെടെ ഇങ്ങനെ ചെയ്യുന്നുണ്ടെന്ന് കോടതി അഭിപ്രായപ്പെട്ടു. വലിയ ഭാരം തലയിലോ ശരീരത്തിലോ ദീർഘകാലം ചുമക്കുന്നത് ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കും. പേശികളെയും അസ്ഥികളെയും അതു ബാധിക്കും. നട്ടെല്ലിനു വരെ അതു ക്ഷതമുണ്ടാക്കും. ലോകത്ത് എവിടെയും സ്വന്തം പൗരന്മാരെക്കൊണ്ട് ഇത്തരം പ്രവൃത്തി ചെയ്യിക്കുന്നുണ്ടാവില്ല.

അവർ ഒന്നുകിൽ യന്ത്രങ്ങൾ ഉപയോഗിക്കും, അല്ലെങ്കിൽ പുറത്തുനിന്ന് ആളെ കൊണ്ടുവരും കോടതി പറഞ്ഞു. ചുമട്ട് തൊഴിലാളികൾ അങ്ങനെ തുടരണമെന്ന് ചിലർ ആഗ്രഹിക്കുന്നു അതിന് പിന്നിൽ സ്വാർഥ താൽപര്യങ്ങളാണെന്നും കോടതി അഭിപ്രായപ്പെട്ടു.

## കേരള ബാങ്ക് അവാർഡ് നൽകുന്നു

കേരള ബാങ്കിന്റെ അംഗങ്ങളായ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും അർബൻ സഹകരണ ബാങ്കുകൾക്കും അവാർഡ് നൽകും.

ഒരു ലക്ഷം രൂപയും സർട്ടിഫിക്കറ്റും ഫലകവുമാണ് സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനത്തെത്തുന്ന കാർഷിക വായ്പാ സഹകരണ സംഘത്തിനും അർബൻ ബാങ്കിനും ലഭിക്കുന്നത്. 75,000 രൂപയും സർട്ടിഫിക്കറ്റും, 50,000 രൂപയും സർട്ടിഫിക്കറ്റുമാണ് രണ്ടും, മൂന്നും സ്ഥാനക്കാർക്കുള്ളത്.

സാമൂഹികവും, സാമ്പത്തികവുമായ മേഖലകളിൽ കഴിഞ്ഞ വർഷം സംഘങ്ങൾ നടത്തിയ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിലാണ് അവാർഡ് നിശ്ചയിക്കുന്നത്.

കേരള ബാങ്കിലെ ഏര്യാ മാനേജർ ശുപാർശ ചെയ്യുന്ന അപേക്ഷകൾ ജില്ലാ തലത്തിലും റീജിയണൽ തലത്തിലും വിലയിരുത്തിയാണ് കേരളത്തിലെ 1500 ൽ അധികം വരുന്ന സംഘങ്ങളിൽ നിന്ന് വിജയികളെ കണ്ടെത്തുന്നത്. കൊല്ലം കടയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിനാണ് കഴിഞ്ഞ വർഷത്തെ മികച്ച സംഘത്തിനുള്ള അവാർഡ് സംസ്ഥാനതലത്തിൽ ലഭിച്ചത്.




കെ. പി. അപ്പന്റെ പതിമൂന്നാം ചരമ വാർഷികാത്തോടനുബന്ധിച്ച പരിപാടി നീരാവിൽ നവശക്തി ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ നിയമസഭാ സ്പീക്കർ എം. ബി രാജേഷ് ഉദ്ഘാടനം ചെയ്യുന്നു

# നിയമസഭാ ലൈബ്രറി ശതാബ്ദിയുടെ നിറവിൽ

കേരള നിയമസഭാ ലൈബ്രറി ശതാബ്ദി ആഘോഷങ്ങൾക്ക് 16ന് തുടക്കമാകും. ആഘോഷ പരിപാടികളുടെ ഉദ്ഘാടനം നിയമസഭയിലെ ആർ.ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വൈകിട്ട് 3.30ന് സ്പീക്കർ എം.ബി. രാജേഷ് നിർവഹിക്കും.

നിയമസഭാ ലൈബ്രറിയിലെ അമൂല്യവും പുരാതനവുമായ രേഖകൾ തനത് രൂപത്തിൽ സൂക്ഷിക്കുന്നതിനും കൂടുതൽ വിലപ്പെട്ട രേഖകൾ ഡിജിറ്റൈസ് ചെയ്ത് നിയമസഭയുടെ വെബ്സൈറ്റിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾക്കും, ലൈബ്രറി സേവനങ്ങൾ പൊതുജനങ്ങൾക്കു കൂടി ലഭ്യമാക്കുന്നതിനും ശതാബ്ദി വർഷത്തിൽ തുടക്കം കുറിക്കും.

1888 ൽ തിരുവിതാംകൂർ ദിവാന്റെ ഓഫീസിനോട് ചേർന്ന് ആരംഭിച്ച ലൈബ്രറിയാണ് 1921 ൽ ലെജിസ്ലേച്ചർ ലൈബ്രറി എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചത്. 1949 ൽ തിരുവിതാംകൂർ, കൊച്ചി സംസ്ഥാനങ്ങളുടെ ഏകീകരണത്തോടെ ഇത് തിരുകൊച്ചി അസംബ്ലി ലൈബ്രറിയായും 1956 ൽ കേരള സംസ്ഥാന രൂപീകരണത്തോടെ കേരള നിയമസഭ ലൈബ്രറിയായും മാറി.

ഗ്രന്ഥശേഖരത്തിന്റെ വിപുലതയും വൈവിധ്യവുമാണ് നിയമസഭാ ലൈബ്രറിയുടെ പ്രത്യേകത.

1888 മുതലുള്ള നിയമനിർമ്മാണ സഭകളുടെ നടപടി ക്രമങ്ങളാണ് ഏറ്റവും മൂല്യമുള്ള ഗ്രന്ഥശേഖരം. ഇതു കൂടാതെ രാജകീയ വിളംബരങ്ങൾ, പഴയ കോഡുകൾ, അമേരിക്ക, ബ്രിട്ടീഷ് പാർലമെന്റുകളുടെ നടപടിക്രമങ്ങൾ, സെൻസസ് റിപ്പോർട്ടുകൾ, 1948 മുതലുള്ള ദേശബന്ധു പത്രം, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കമ്മിറ്റി/ കമ്മീഷൻ റിപ്പോർട്ടുകൾ, തിരുവിതാംകൂർ, കൊച്ചി, തിരുകൊച്ചി, കേരള ഭരണ റിപ്പോർട്ടുകൾ, രാജഭരണകാലം മുതലുള്ള കേരള ഗസറ്റുകൾ, ഇന്ത്യാ ഗവൺമെന്റിന്റെ ഗസറ്റുകൾ, ഭൂപടങ്ങൾ, ആദ്യകാല നിഘണ്ടുക്കൾ, വിജ്ഞാനകോശങ്ങൾ എന്നിങ്ങനെ വൈവിധ്യമായ രേഖകളാൽ സമൃദ്ധമാണ് നിയമസഭാ ലൈബ്രറി.

1888 ൽ ഉടലെടുത്ത നിയമനിർമ്മാണ സഭകളുടെ നടപടി ക്രമങ്ങൾ ഡിജിറ്റൈസ് ചെയ്ത് പൊതുജനങ്ങൾക്കുകൂടി പ്രയോജനകരമായ വിധത്തിൽ നിയമസഭകളുടെ വെബ്സൈറ്റ് വഴി ലഭ്യമാക്കുന്നു. ഗവേഷകർ, അധ്യാപകർ, മറ്റ് ഉന്നത വിദ്യാഭ്യാസ മേഖലയിലുള്ളവർ, മാധ്യമപ്രവർത്തകർ എന്നിവർക്കും നിയമസഭാ ലൈബ്രറി റഫറൻസ് സൗകര്യം നൽകുന്നു.

നിയമസഭാ പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് അവബോധം നൽകുന്നതിനായി പാർലമെന്റിലെ ചിൽഡ്രൻസ് കോർണറിന് സമാനമായ രീതിയിൽ നിയമസഭയിൽ കുട്ടികളുടെ ലൈബ്രറി 2016 മുതൽ പ്രവർത്തിക്കുന്നുണ്ട്. സാമ്പത്തികവും സാമൂഹികവുമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ലൈബ്രറി മുഖേന റഫറൻസും, പഠനക്ലാസുകളും നൽകുന്നു.

നിയമസഭാ സെക്രട്ടേറിയറ്റ് പേപ്പർ രഹിതമാക്കുന്നതിന്റെ ഭാഗമായി നിയമസഭാ ലൈബ്രറിയുടെ പ്രവർത്തനങ്ങൾ നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ആധുനികവത്കരിക്കുന്നതിനായി ഡിജിറ്റൽ ലൈബ്രറി, ഇറീഡിംഗ് പോർട്ടൽ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.

# സ്ത്രീപക്ഷ നവകേരളം ഡിസംബർ 18ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും

സ്ത്രീധനത്തിനും സ്ത്രീപീഡനത്തിനുമെതിരെ കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പ്രചരണപരിപാടിയായ സ്ത്രീപക്ഷ നവകേരളം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുമെന്ന് തദ്ദേശ സ്വയംഭരണ എക്സൈസ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ അറിയിച്ചു. തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ 18ന് വൈകിട്ട് മൂന്നിനാണ് പരിപാടി. മന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ആർ ബിന്ദു, ക്ഷീരവികസന മൃഗസംരക്ഷണവകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി, ആരോഗ്യവനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ്, വനിതാ കമ്മീഷൻ അധ്യക്ഷ പി സതീദേവി, തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ തുടങ്ങിയവർ പങ്കെടുക്കും.

സ്ത്രീപക്ഷ നവകേരളത്തിന്റെ ക്യാമ്പയിൻ അംബാസഡർ നടി നിമിഷാ സജയനാണ്. ഉദ്ഘാടന പരിപാടിയിലും തുടർന്ന് ക്യാമ്പയിന്റെ വിവിധ ഘട്ടങ്ങളിലും ക്യാമ്പയിൻ അംബാസഡർ പ്രചരണ പരിപാടികൾ നയിക്കും.

സംസ്ഥാന സർക്കാർ സ്ത്രീ സുരക്ഷ ഉറപ്പാക്കുന്ന നടപടികളുമായാണ് മുന്നോട്ടുപോവുന്നതെന്ന് മന്ത്രി പറഞ്ഞു. എങ്കിലും കേരള സമൂഹത്തിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ഇത്തരം പ്രവണതകൾ ഒരു സർക്കാർ സംവിധാനത്തിന്റെ പ്രവർത്തനത്തിലൂടെ മാത്രം ഇല്ലാതാക്കാൻ പറ്റുന്നതല്ല.

അതിനാവശ്യം സ്ത്രീപക്ഷ ബോധം സംസ്ഥാനത്തെ എല്ലാവിഭാഗം ജനങ്ങളിലും ഉണ്ടാക്കുവാനുള്ള ബോധവത്ക്കരണമാണ്. സ്ത്രീപക്ഷത്ത് നിൽക്കുന്ന സ്ത്രീകളും പുരുഷൻമാരും ഉള്ളത് പോലെ സ്ത്രീവിരുദ്ധമായ പൊതുബോധത്തിന്റെ ഭാഗമായി നിൽക്കുന്ന സ്ത്രീകളും പുരുഷൻമാരുമുണ്ട്. അത്തരമൊരു സമൂഹത്തിൽ ഉണ്ടാവുന്ന സ്ത്രീവിരുദ്ധമായ പ്രവർത്തനങ്ങളെയും ചിന്തകളെയും ഇല്ലാതാക്കാനുതകുന്ന സർവതല സ്പർശിയായ ക്യാമ്പയിനാണ് സ്ത്രീപക്ഷ നവകേരളത്തിലൂടെ ഉയർത്തിക്കൊണ്ടുവരുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

ക്യാമ്പയിനും പിന്നീട് തുടർ പരിപാടികളും സ്ത്രീപക്ഷ നവകേരളത്തിനായി സംഘടിപ്പിക്കും.

## കെൽട്രോൺ തൊഴിലധിഷ്ഠിത കോഴ്സ്

കെൽട്രോൺ തൊഴിലധിഷ്ഠിത കോഴ്സുകളായ കമ്പ്യൂട്ടർ ഹാർഡ്വെയർ ആന്റ് നെറ്റ്വർക്ക് മെയിന്റനൻസ് വിത്ത് ഇഗാഡ്ജറ്റ് ടെക്നോളജീസ്, റഫ്രിജറേഷൻ ആൻഡ് എയർകണ്ടീഷനിങ്, വെബ് ഡിസൈൻ ആൻഡ് ഡെവലപ്മെന്റ്, ഡി. സി. എ, പി.ജി.ഡി.സി.എ, സോഫ്റ്റ്വെയർ ടെസ്റ്റിങ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് തിരുവനന്തപുരം സ്പെൻസർ ജംഗ്ഷനിലെ കെൽട്രോൺ നോളഡ്ജ് സെന്ററിലോ 04712337450, 9544499114 എന്നീ നമ്പറുകളിലോ ബന്ധപ്പെടണം.

# സംസ്ഥാനത്ത് ബാലവേല തടയാൻ ലക്ഷ്യമിട്ട് സർക്കാർ: വിവരം നൽകുന്നവർക്ക് പാരിതോഷികം

തിരുവനന്തപുരം: ബാലവേലയെപ്പറ്റി വിവരം നൽകുന്ന വ്യക്തിക്ക് ഇൻസെന്റീവ് നൽകുന്ന പദ്ധതിയുമായി സർക്കാർ. സംസ്ഥാനത്ത് ബാലവേല തടയുന്നതിന്റെ ഭാഗമായാണ് 2,500 രൂപ ഇൻസന്റീവ് നൽകാനുള്ള തീരുമാനം. ഇതിന് വനിത ശിശുവികസന വകുപ്പ് അനുമതി നൽകി. ബാലവേല നിയമപരമായി നിരോധിക്കുകയും ക്രിമിനൽ കുറ്റമാക്കുകയും ചെയ്തിട്ടുണ്ട്. ബാലവേല കേരളത്തിൽ കുറവാണെങ്കിലും ഇതര സംസ്ഥാന തൊഴിലാളികളോടൊപ്പവും ഇടനിലക്കാർ വഴിയും കുട്ടികളെ കേരളത്തിൽ ജോലി ചെയ്യിപ്പിക്കുന്നതിനായി കൊണ്ടുവരുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ ഇത് തടയുകയാണ് ലക്ഷ്യം.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ അല്ലെങ്കിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനെയായിരിക്കണം രഹസ്യവിവരങ്ങൾ അറിയിക്കേണ്ടത്. ഇവരുടെ ഫോൺ നമ്പരുകൾ h-ttp://w-c-d.k-er-a-l-a.gov.in/o-f-f-i-c-e-s_-i-cp-s.p-hു എന്ന ലിങ്കിൽ നൽകിയിട്ടുണ്ട്. വ്യക്തികൾ നൽകുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ ഈ ഉദ്യോഗസ്ഥൻ, തൊഴിൽ, പൊലീസ്, മറ്റ് ബന്ധപ്പെട്ട വകുപ്പുകൾ എന്നിവരുടെ സഹകരണത്തോടെ നടപടികൾ സ്വീകരിക്കും. അർഹരായവർക്ക് രഹസ്യസ്വഭാവത്തോടെ പാരിതോഷിക തുക നൽകും.

ചൈൽഡ് ആന്റ് അഡോളസെന്റ് ലേബർ (പ്രൊഹിബിഷൻ ആന്റ് റെഗുലേഷൻ) നിയമപ്രകാരം 14 വയസ് പൂർത്തിയാകാത്ത കുട്ടികളെ ജോലിയിൽ ഏർപ്പെടുത്താൻ പാടില്ല. 14 വയസ് കഴിഞ്ഞതും 18 വയസ് പൂർത്തിയാകാത്തതുമായ കുട്ടികളെ അപകടകരമായ ജോലികളിൽ ഏർപ്പെടുത്താൻ പാടില്ലായെന്നും നിയമത്തിൽ പരാമർശിയ്ക്കുന്നുണ്ട്.

# ഇന്ത്യയുടെ കോവിഡ്19 വാക്സിനേഷനുകളുടെ എണ്ണം 133.88 കോടി പിന്നിട്ടു



കഴിഞ്ഞ 24 മണിക്കൂറിൽ 66,98,601 ഡോസ് വാക്സിനുകൾ നൽകിയതോടെ, ഇന്ന് രാവിലെ ഏഴ് മണി വരെയുള്ള താത്കാലിക കണക്ക് പ്രകാരം, രാജ്യത്തിതുവരെ നൽകിയ ആകെ വാക്സിനുകളുടെ എണ്ണം 133.88 കോടി (1,33,88,12,577) കടന്നു. 1,40,27,706 സെഷനുകളിലൂടെയാണ് ഇത്രയും ഡോസ് വാക്സിൻ നൽകിയത്.

കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 7,995 പേർ സുഖം പ്രാപിച്ചതോടെ രാജ്യത്താകെ ഇതുവരെ കോവിഡ് മുക്തരായവരുടെ എണ്ണം 3,41,38,763 ആയി. ദേശീയ രോഗമുക്തി നിരക്ക് 98.37% 2020 മാർച്ച് മുതൽ ഏറ്റവും ഉയർന്ന നിരക്ക്.

കേന്ദ്രസംസ്ഥാന സർക്കാരുകളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും കൂട്ടായ ശ്രമഫലമായി, തുടർച്ചയായി 47 ാം ദിവസവും പുതിയ പ്രതിദിന രോഗബാധിതരുടെ എണ്ണം 15,000 ത്തിൽ താഴെയാണ്.

കഴിഞ്ഞ 24 മണിക്കൂറിൽ പുതുതായി രോഗം സ്ഥിരീകരിച്ചത് 5,784പേർക്കാണ്. 571 ദിവസത്തെ ഏറ്റവും താഴ്ന്ന നിലയിൽ

നിലവിൽ രാജ്യത്ത് ചികിത്സയിലുള്ളത് 88,993 പേരാണ്. 563 ദിവസത്തെ ഏറ്റവും താഴ്ന്ന നിലയിൽ

നിലവിൽ ചികിത്സയിലുള്ളത് രാജ്യത്തെ ആകെ രോഗബാധിതരുടെ 0.26 ശതമാനമാണ് മാർച്ച് 2020 മുതലുള്ള ഏറ്റവും കുറഞ്ഞ കണക്ക്.

രാജ്യത്തെ പരിശോധനാശേഷി ഗണ്യമായി വർദ്ധിപ്പിച്ചതോടെ കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 9,50,482 പരിശോധനകൾ നടത്തി. ആകെ 65.76 കോടിയിലേറെ (65,76,62,933) പരിശോധനകളാണ് ഇതുവരെ നടത്തിയത്.

പരിശോധനകൾ വർധിപ്പിച്ചപ്പോൾ പ്രതിവാര രോഗസ്ഥിരീകരണ നിരക്ക് നിലവിൽ 0.68 ശതമാനമാണ് 30 ദിവസമായി 1% ത്തിൽ താഴെ. പ്രതിദിന രോഗസ്ഥിരീകരണ നിരക്ക് 0.58 ശതമാനമാണ്. കഴിഞ്ഞ 71 ദിവസമായി ഇത് 2 ശതമാനത്തിൽ താഴെയും,106 ദിവസമായി 3 ശതമാനത്തിൽ താഴെയുമാണ്.

# ഇന്ത്യൻ നാവികസേനയുടെ ഇരുപത്തിരണ്ടാമത് മിസൈൽ വെസ്സൽ സ്ക്വാഡ്രന് രാഷ്ട്രപതി 'പ്രസിഡന്റ്സ് സ്റ്റാൻഡേർഡ്" പദവി സമ്മാനിച്ചു

മഹാരാഷ്ട്രയിലെ മുംബൈയിൽ ഇന്ന് (2021 ഡിസംബർ 8) നടന്ന ചടങ്ങിൽ ഇന്ത്യൻ നാവികസേനയുടെ ഇരുപത്തിരണ്ടാമത് മിസൈൽ വെസ്സൽ സ്ക്വാഡ്രന് രാഷ്ട്രപതി ശ്രീ രാം നാഥ് കോവിന്ദ്, 'പ്രസിഡന്റ്സ് സ്റ്റാൻഡേർഡ്' പദവി സമ്മാനിച്ചു.

ചടങ്ങിൽ സംസാരിക്കവേ, ഇരുപത്തിരണ്ടാമത് മിസൈൽ വെസ്സൽ സ്ക്വാഡ്രനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാ ഉദ്യോഗസ്ഥരെയും നാവികരെയും ഈ നേട്ടം സ്വന്തമാക്കിയതിൽ രാഷ്ട്രപതി അഭിനന്ദിച്ചു. മുൻകാലങ്ങളിലും, നിലവിലും ഈ സ്ക്വാഡ്രനിലെ ഉദ്യോഗസ്ഥരും നാവികരും രാജ്യത്തിന് നൽകിയ നിസ്തുല സേവനത്തിന്റെ സാക്ഷ്യമാണ് ഈ പദവി എന്ന് രാഷ്ട്രപതി അഭിപ്രായപ്പെട്ടു. വ്യത്യസ്തമായ നിരവധി ദൗത്യങ്ങൾക്കായി ഈ സ്ക്വാഡ്രന് കീഴിലുള്ള യുദ്ധക്കപ്പലുകൾ വിന്യസിക്കപ്പെട്ടിട്ടുള്ളത് അദ്ദേഹം ഓർമ്മിച്ചു. ദൗത്യാധിഷ്ഠിതമായ വിന്യാസങ്ങളിലൂടെ നമ്മുടെ സമുദ്ര അതിർത്തികളെ അവ സുരക്ഷിതമാക്കുന്നു. ഒമാൻ ഉൾക്കടൽ, പേർഷ്യൻ ഉൾക്കടൽ എന്നിവിടങ്ങളിലെ നയതന്ത്ര ദൗത്യങ്ങൾക്കൊപ്പം, കടൽക്കൊള്ളയെ നേരിടുന്നതിനുള്ള പ്രവർത്തനങ്ങളും അവ കാഴ്ചവയ്ക്കുന്നു.

സമുദ്രാതിർത്തിയോട് ചേർന്നുകിടക്കുന്ന രാഷ്ട്രം എന്ന് ഇന്ത്യയെ വിശേഷിപ്പിച്ച രാഷ്ട്രപതി, നമ്മുടെ വിദേശനയത്തിൽ കൂടുതൽ പുരോഗതി സൃഷ്ടിക്കുന്നതിലും, രാജ്യതാൽപര്യങ്ങൾ, വാണിജ്യ അഭിലാഷങ്ങൾ എന്നിവ സംരക്ഷിക്കുന്നതിലും ഇന്ത്യൻ നാവികസേനയ്ക്ക് വലിയ പങ്ക് വഹിക്കാനുണ്ടെന്ന് ഓർമിപ്പിച്ചു. ആഗോള ചരക്ക് നീക്കത്തിന്റെ വലിയൊരു പങ്ക് ഇന്ത്യൻ മഹാസമുദ്ര മേഖലയിലൂടെ കടന്നുപോകുന്നത് രാഷ്ട്രപതി ചൂണ്ടിക്കാട്ടി. അതുകൊണ്ടുതന്നെ ഈ മേഖലയിൽ സമാധാനവും സുസ്ഥിരതയും നിലനിർത്തുക എന്നത് അതീവ പ്രാധാന്യമുള്ള വസ്തുതയാണ്. ഇതാകട്ടെ നമുക്ക് മാത്രമല്ല, മൊത്തം ആഗോള സമൂഹത്തിനും ആവശ്യമാണ്.

ലോകത്തിലെതന്നെ ഏറ്റവും വലിയ നാവിക സേനകളിൽ ഒന്ന് എന്ന നിലയിൽ, ഇന്ത്യയുമായി സമുദ്ര അതിർത്തി പങ്കിടുന്ന നമ്മുടെ അയൽക്കാർ, ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ സുരക്ഷാ ആവശ്യങ്ങൾക്ക് ആശ്രയിക്കാനാകുന്ന ഒരു പങ്കാളി എന്ന നിലയിലാണ് ഇന്ത്യൻ നാവികസേനയെ കാണുന്നത്.

ഇന്തോപസഫിക് മേഖലയിൽ ഉയർന്നുവരുന്ന ഭൗമ രാഷ്ട്രീയ വെല്ലുവിളികൾ, ഇക്കാര്യത്തിൽ സുപ്രധാന പങ്ക് വഹിക്കാൻ കഴിയുന്ന ഒരു അവസരമാണ് ഇന്ത്യയ്ക്ക് മുൻപിൽ നൽകുന്നതെന്ന് രാഷ്ട്രപതി ചൂണ്ടിക്കാട്ടി. മേഖലയിലെ തന്നെ ഏറ്റവും വലിയ നാവിക സേനകളിൽ ഒന്ന് എന്ന നിലയിൽ, പ്രാദേശികപരമായ വാഗ്ദാനങ്ങൾ പാലിക്കുന്നതിനും, ഇന്തോപസഫിക് മേഖലയിലെ നമ്മുടെ പങ്കാളികളുമായി കൂടുതൽ ബന്ധം സ്ഥാപിക്കുന്നതിനുമുള്ള ശ്രമങ്ങളാണ് ഇന്ത്യൻ നാവികസേന നടത്തുന്നതെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

രാഷ്ട്രപതിയുടെ മുഴുവൻ പ്രഭാഷണത്തിനായി ഇവിടെ ക്ലിക്ക് ചെയ്യുക.

# ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യ യോജനയ്ക്ക് കീഴിലുള്ള ആരോഗ്യ സേവനങ്ങൾ പാവപ്പെട്ടവർക്ക് ലഭ്യമാക്കുന്നതിനുള്ള വഴികൾ



ആയുഷ്മാൻ ഭാരത്പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന അർഹത അടിസ്ഥാനമാക്കിയുള്ള ഒരു പദ്ധതിയാണ്. പദ്ധതിക്ക് കീഴിൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഗുണഭോക്താവിന്റെ എന്റോൾമെന്റോ രജിസ്ട്രേഷനോ ആവശ്യമില്ല. സൗജന്യ ചികിത്സാ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഗുണഭോക്താവിന് എംപാനൽ ചെയ്ത ആശുപത്രി (പൊതു അല്ലെങ്കിൽ സ്വകാര്യ) നേരിട്ട് സന്ദർശിക്കാവുന്നതാണ്.

പദ്ധതിയ്ക്ക് കീഴിലുള്ള യോഗ്യത പരിശോധിക്കാൻ ഗുണഭോക്താവിന് ഇനിപ്പറയുന്ന മാർഗങ്ങൾ ഉപയോഗിക്കാം:

1. എൻ എച് എ (നാഷണൽ ഹെൽത്ത് അതോറിറ്റി) യുടെ 24:7 കോൾ സെന്റർ (14555)

2. സ്ഥിരീകരണത്തിനായി ഏതെങ്കിലും ഗവണ്മെന്റ് ആശുപത്രിയിൽ നേരിട്ട് (സി എ ഛ് സി യും അതിന് മുകളിലും) ഗുണഭോക്താവിന് ബന്ധപ്പെടാം.

3. ജങഖഅഥ മൊബൈൽ ആപ്പ് മുഖേന ഗുണഭോക്താവിന് അവന്റെ/അവളുടെ യോഗ്യത പരിശോധിക്കാനും അടുത്തുള്ള എംപാനൽ ചെയ്ത ആശുപത്രി ഏതെന്ന് കണ്ടെത്താനും കഴിയും.

4. ഗുണഭോക്താവിന് യോഗ്യത പരിശോധിക്കാൻ ാലൃമ.ജങഖഅ ഥ.ഴ്.ശി സന്ദർശിക്കാവുന്നതാണ്.

5. എംപാനൽ ചെയ്ത എല്ലാ ആശുപത്രികളിലും (പൊതു അല്ലെങ്കിൽ സ്വകാര്യ) ഉള്ള പ്രധാനമന്ത്രി ആരോഗ്യ മിത്ര, ഗുണഭോക്താവിന് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സുഗമമാക്കുന്നു.

ആയുഷ്മാൻ ഭാരത്പ്രധാനമന്ത്രി ജൻ ആരോഗ്യ യോജനയുടെ നിർവഹണ ഏജൻസിയായ , നാഷണൽ ഹെൽത്ത് അതോറിറ്റി, പദ്ധതിയുമായി ബന്ധപ്പെട്ട തട്ടിപ്പ് തിരിച്ചറിയുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കി.

സംസ്ഥാന തലത്തിലുള്ള സ്റ്റേറ്റ് ആന്റി ഫ്രോഡ് യൂണിറ്റുകളുടെ പിന്തുണയോടെ തട്ടിപ്പ് വിരുദ്ധ ചട്ടക്കൂടിന്റെ മൊത്തത്തിലുള്ള നിരീക്ഷണത്തിനും നിർവഹണത്തിനും ആയി എൻ എച് എ യിൽ നാഷണൽ ആന്റി ഫ്രോഡ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. എല്ലാ ക്ലെയിമുകളുടെയും അംഗീകാരത്തിനും പേയ്മെന്റിനും മുമ്പായി ആശുപത്രി കിടക്കയിൽ കിടക്കുന്ന രോഗിയുടെ ഫോട്ടോയ്ക്കൊപ്പം മറ്റു രേഖകളും നിർബന്ധമാണ്. അഡ്മിഷൻ സമയത്തും ഡിസ്ചാർജ് ചെയ്യുമ്പോഴും ഗുണഭോക്താവിന്റെ ആധാർ അടിസ്ഥാനമാക്കിയുള്ള ബയോമെട്രിക് പരിശോധന എന്ന സംവിധാനം എല്ലാ സ്വകാര്യ ആശുപത്രികളിലും ആരംഭിച്ചിട്ടുണ്ട്.

നിർമിത ബുദ്ധിയുടെയും മെഷീൻ ലേണിംഗിന്റെയും ഉപയോഗത്തിലൂടെ തട്ടിപ്പ് മുൻകൂട്ടി കണ്ടെത്തുന്നതിന് സമഗ്രമായ വിശകലന പരിഹാരം നിതീർത്തിരിക്കുന്നു. സംശയാസ്പദമായ ഇടപാടുകളെയും സ്ഥാപനങ്ങളെയും തിരിച്ചറിയുന്നതിന് വലിയ അളവിലുള്ള ഡാറ്റ അൽഗോരിതങ്ങളും ഇത് വഴി വികസിപ്പിച്ചിട്ടുണ്ട്.

ഇന്ന് രാജ്യസഭയിൽ രേഖാമൂലം നൽകിയ മറുപടിയിലാണ് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ സഹമന്ത്രി ഡോ. ഭാരതി പ്രവീൺ പവാർ ഇക്കാര്യം വ്യക്തമാക്കിയത്

# അട്ടപ്പാടിയിൽ സമഗ്ര ആരോഗ്യ സാമൂഹിക സർവ്വെക്കായി സംസ്ഥാന സർക്കാരിനോട് ശുപാർശ ചെയ്യും അഡ്വ. പി. സതീദേവി

അട്ടപ്പാടിയിലെ പട്ടികവർഗ്ഗ ജനവിഭാഗങ്ങളെ സംബന്ധിച്ച് സമഗ്രമായ ആരോഗ്യ സാമൂഹിക സർവ്വെ നടത്താൻ സംസ്ഥാന സർക്കാരിനോട് ശുപാർശ ചെയ്യുമെന്ന് സംസ്ഥാന വനിതാ കമ്മിഷൻ അധ്യക്ഷ അഡ്വ. പി സതീദേവി പറഞ്ഞു.

അട്ടപ്പാടിയിൽ പദ്ധതികളുടെ അപര്യാപ്തതയല്ലെന്നും പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവിത ശൈലി അടിസ്ഥാനമാക്കിയുള്ള പരിപാടികൾ കൂടി നടപ്പിലാക്കേണ്ടതുണ്ടെന്നും അധ്യക്ഷ പറഞ്ഞു. സംസ്ഥാന വനിതാ കമ്മിഷന്റെ ആഭിമുഖ്യത്തിൽ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ അട്ടപ്പാടി കില പ്രാദേശിക കേന്ദ്രത്തിൽ സംഘടിപ്പിച്ച മനുഷ്യാവകാശ ദിനാചരണ ബോധവത്കരണ പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ.

അട്ടപ്പാടി മേഖലയിൽ ഒരേ ഇനത്തിൽപ്പെടുന്ന വിവിധ പദ്ധതികൾ സംയോജിപ്പിച്ച് സമഗ്രമായൊരു പദ്ധതി രൂപീകരിക്കാൻ ജില്ലാ പഞ്ചായത്തിന് കമ്മീഷൻ നിർദേശം നൽകി. ഊരുകളിൽ സ്വയം തൊഴിലിനുള്ള ഉപാധികൾ കണ്ടെത്തി അവരെ പ്രാപ്തമാക്കണം. മദ്യപാനം, പുകയില മുറുക്ക് തുടങ്ങിയ ദുശ്ശീലങ്ങളിൽ സ്ത്രീകളുൾപ്പെടെ ഏർപ്പെടുന്നുണ്ട്.

ഇത് അവസാനിപ്പിക്കാൻ സ്വയം തൊഴിലിൽ ഏർപ്പെടുന്നത് ഉചിതമാകുമെന്നും കമ്മിഷൻ അധ്യക്ഷ പറഞ്ഞു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ അധ്യക്ഷയായ പരിപാടിയിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മരുതി മുരുകൻ,പഞ്ചായത്ത് പ്രസിഡന്റുമാരായ അംബികാ ലക്ഷ്മണൻ, രാമമൂർത്തി, ജ്യോതി അനിൽകുമാർ,

കമ്മീഷൻ അംഗങ്ങളായ അഡ്വ.എം.എസ്. താര, അഡ്വ. ഷിജി ശിവജി, വനിതാ കമ്മിഷൻ ഡയറക്ടർ ഷാജി സുഗുണൻ, ഭക്ഷ്യ കമ്മീഷൻ അംഗം രമേശൻ, ഡെപ്യൂട്ടി ഡി.എം.ഒ. ശെൽവമൂർത്തി, ഡോ. പ്രഭുദാസ്, ഐ.ടി

ഡി.പി. ഓഫീസർ സുരേഷ് കുമാർ, വനിതാ കമ്മീഷൻ പി.ആർ.ഒ ശ്രീകാന്ത് എം.ഗിരിനാഥ് എന്നിവർ പങ്കെടുത്തു.

അഗളി, ഷോളയൂർ പഞ്ചായത്തുകളിലെ ഊരുകൾ സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി.



ബീമാപള്ളി ഉറൂസ് നടത്തിപ്പ് സംബന്ധിച്ച് നടന്ന യോഗത്തിൽ മന്ത്രിമാരായ വി ശിവൻകുട്ടി, ജി. ആർ അനിൽ, ആന്റണി രാജു എന്നിവർ പങ്കെടുക്കുന്നു.

# മോഷണക്കേസ് പ്രതിയുടെ സഹോദരിയുടെ എടിഎമ്മിൽ നിന്നും പണം തട്ടി; പോലീസുകാരൻറെ പണിപോയി

കണ്ണൂർ: മോഷണക്കേസ് പ്രതിയുടെ സഹോദരിയുടെ എടിഎം കാർഡ് ഉപയോഗിച്ച് പണം തട്ടിയെടുത്ത സംഭവത്തിൽ പോലീസുകാരനെ ജോലിയിൽ നിന്നും പിരിച്ചുവിട്ടു. കണ്ണൂർ തളിപ്പറമ്പ് പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസർ ഇ.എൻ. ശ്രീകാന്തിനെതിരെയാണ് കടുത്ത നടപടി സ്വീകരിച്ചത്.

ഏകദേശം അരലക്ഷത്തോളം രൂപയാണ് ഇയാൾ തട്ടിയെടുത്തത്. എടിഎം കാർഡ് മോഷ്ടിച്ച കേസിൽ ഗോകുൽ എന്നയാളെയാണ് പോലീസ് അറസ്റ്റ് ചെയ്തത്. സഹോദരിയുടെ എടിഎം കാർഡും ഇയാളുടെ കൈവശമുണ്ടായിരുന്നു.

തുടർ അന്വേഷണത്തിൻറെ ഭാഗമാണെന്ന് പറഞ്ഞാണ് ഇയാൾ കാർഡിൻറെ പിൻ നമ്പർ സ്വന്തമാക്കിയത്. പിന്നീട് ഇയാൾ പണം പിൻവലിക്കുകയും സാധനങ്ങൾ വാങ്ങിക്കുകയും ചെയ്തു.

പണം നഷ്ടപ്പെട്ടതായി മനസിലാക്കിയ യുവതി തളിപ്പറമ്പ് ഡിവൈഎസ്പിക്ക് പരാതി നൽകിയതോടെയാണ് സംഭവം പുറത്തായത്. ഇതേതുടർന്ന് ശ്രീകാന്തിനെ ജോലിയിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു.

സംഭവത്തിൽ അന്വേഷണം നടന്നുവരുന്നതിനിടെ പരാതിക്കാർ ഹൈക്കോടതിയെ സമീപിച്ച് കേസ് പിൻവലിച്ചിരുന്നു. എന്നാൽ ഇയാൾക്കെതിരെ വകുപ്പ്തല അന്വേഷണം നിലനിന്നിരുന്നു.

## ഭീകരാക്രമണം: പരിക്കേറ്റ പോലീസുകാരന് വീരമൃത്യു

ശ്രീനഗർ: ജമ്മു കാഷ്മീരിലെ ശ്രീനഗറിനു സമീപം പോലീസ് വാഹനത്തിനു നേരേയുണ്ടായ വെടിവയ്പ്പിൽ പരിക്കേറ്റ ഒരു പോലീസ് ഉദ്യോഗസ്ഥൻ കൂടി വീരമൃത്യു വരിച്ചു. ഇതോടെ വീരമൃത്യു വരിച്ച പോലീസുകാരുടെ എണ്ണം മൂന്നായി ഉയർന്നു. ചികിത്സയിലുള്ള രണ്ടുപേരുടെ നില ഗുരുതരമാണ്.

തിങ്കളാഴ്ച വൈകുന്നേരം സീവാൻ മേഖലയിലെ പാന്താ ചൗക്കിലൂടെ പോലീസ് വാഹനം നീങ്ങുന്നതിനിടെ ഭീകരർ വെടിയുതിർക്കുകയായിരുന്നു. പോലീസ് വാഹനത്തിനു നേരേ വെടിയ്പ്പുണ്ടായി മണിക്കൂറുകൾക്കുശേഷം ശ്രീനഗറിലെ രംഗ്റീതിൽ രണ്ടു ഭീകരരെ സുരക്ഷാസേന ഏറ്റുമുട്ടലിൽ വധിച്ചു

# ബീമാപള്ളി ഉറൂസിന് ആവശ്യമായ സൗകര്യമൊരുക്കും

ജനുവരി അഞ്ചിന് തുടങ്ങുന്ന ബീമാപള്ളി ഉറൂസിന്റെ സുഗമമായ നടത്തിപ്പിന് എല്ലാ സൗകര്യങ്ങളും ഒരുക്കാൻ വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായി.

ആചാര അനുഷ്ഠാനങ്ങളെ ബാധിക്കാത്ത രീതിയിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഉറൂസ് നടത്താൻ സർക്കാർ എല്ലാ സജ്ജീകരണങ്ങളും ഒരുക്കുമെന്ന് മന്ത്രി പറഞ്ഞു.

ജില്ലാ ഭരണകൂടം നിർദ്ദേശിക്കുന്ന കോവിഡ് മാനദണ്ഡങ്ങൾ പ്രകാരം ഉറൂസ് നടത്തുമെന്ന് ബീമാപള്ളി മുസ്ലിം ജമാഅത്ത് ഭാരവാഹികൾ യോഗത്തിൽ അറിയിച്ചു.

ഉറൂസ് നടത്തിപ്പുമായി ബന്ധപ്പെട്ട് ജമാഅത്ത് ഭാരവാഹികളും ജനപ്രതിനിധികളും ഉന്നയിച്ച ആവശ്യങ്ങളിൽ നടപടിയെടുക്കുവാൻ ഗതാഗതമന്ത്രി ആന്റണി രാജു ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

ഉറൂസിന് മുന്നോടിയായി വാഹനങ്ങളിൽ ഉച്ചഭാഷിണി ഉപയോഗിച്ച് പൊതുജനങ്ങൾക്ക് കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നത് സംബന്ധിച്ച് അറിയിപ്പ് നൽകാൻ ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ അനിൽ നിർദ്ദേശിച്ചു.

ജില്ലാ കളക്ടർ ഡോ.നവ്ജ്യോത് ഖോസ, മറ്റു വകുപ്പ് മേധാവികൾ, കൗൺസിലർമാർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവരും പങ്കെടുത്തു.

ജനുവരി അഞ്ച് മുതൽ പത്ത് ദിവസമാണ് ഉറൂസ് നടക്കുക.

ആചാര അനുഷ്ഠാനങ്ങളെ ബാധിക്കാത്ത രീതിയിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഉറൂസ് നടത്താൻ സർക്കാർ എല്ലാ സജ്ജീകരണങ്ങളും ഒരുക്കുമെന്ന് മന്ത്രി പറഞ്ഞു. ജില്ലാ ഭരണകൂടം നിർദ്ദേശിക്കുന്ന കോവിഡ് മാനദണ്ഡങ്ങൾ പ്രകാരം ഉറൂസ് നടത്തുമെന്ന് ബീമാപള്ളി മുസ്ലിം ജമാഅത്ത് ഭാരവാഹികൾ യോഗത്തിൽ അറിയിച്ചു.

ഉറൂസ് നടത്തിപ്പുമായി ബന്ധപ്പെട്ട് ജമാഅത്ത് ഭാരവാഹികളും ജനപ്രതിനിധികളും ഉന്നയിച്ച ആവശ്യങ്ങളിൽ നടപടിയെടുക്കുവാൻ ഗതാഗതമന്ത്രി ആന്റണി രാജു ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

ഉറൂസിന് മുന്നോടിയായി വാഹനങ്ങളിൽ ഉച്ചഭാഷിണി ഉപയോഗിച്ച് പൊതുജനങ്ങൾക്ക് കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നത് സംബന്ധിച്ച് അറിയിപ്പ് നൽകാൻ ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ അനിൽ നിർദ്ദേശിച്ചു.

ജില്ലാ കളക്ടർ നവജോത് ഖോസ, മറ്റു വകുപ്പ് മേധാവികൾ, കൗൺസിലർമാർ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

ഉറൂസ് നടത്തിപ്പുമായി ബന്ധപ്പെട്ട് ബീമാപള്ളിയിൽ മന്ത്രിമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന മറ്റൊരു യോഗം കൂടി നടത്താനും തീരുമാനമായി.

ഉറൂസ് നടത്തിപ്പുമായി ബന്ധപ്പെട്ട് ബീമാപള്ളിയിൽ മന്ത്രിമാരും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുക്കുന്ന മറ്റൊരു യോഗം കൂടി നടത്താനും തീരുമാനമായി.

സൂക്ഷ്മ തൊഴിൽ സംരംഭ യൂണിറ്റുകൾ തുടങ്ങാൻ അപേക്ഷ ക്ഷണിച്ചു

ഫിഷറീസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർ വിമൺ(സാഫ്) മുഖാന്തിരം തീരമൈത്രി പദ്ധതിയുടെ കീഴിൽ സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ യൂണിറ്റുകൾ തുടങ്ങുന്നതിന് അപേക്ഷ ക്ഷണിച്ചു. എഫ്.എഫ്.ആർ രജിസ്റ്ററിൽ പേര് ചേർത്തിട്ടുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ 20 നും 40 നും ഇടയ്ക്ക് പ്രായമുള്ള വനിതകളുടെ ഗ്രൂപ്പുകൾക്കാണ് അപേക്ഷിക്കാനാകുന്നത്. രണ്ടു മുതൽ അഞ്ച് പേരടങ്ങുന്ന ഒരു ഗ്രൂപ്പിന് പരമാവധി അഞ്ച് ലക്ഷം രൂപ(ഒരാൾക്ക് ഒരു ലക്ഷം രൂപ)വരെ ഈ പദ്ധതിയിൽ ഗ്രാന്റായി ലഭിക്കും. അപേക്ഷ ഫോറം വിഴിഞ്ഞം ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, വിവിധ മത്സ്യ ഭവൻ ഓഫീസുകൾ എന്നിവടങ്ങളിൽ നിന്നും ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ അതാത് മത്സ്യ ഭവൻ ഓഫീസുകളിൽ ഡിസംബർ 24 ന് മുൻപായി നൽകണം. കൂടുതൽ വിവരങ്ങൾക്ക് വിഴിഞ്ഞത്തുള്ള സാഫ് നോഡൽ ഓഫീസുമായി ബന്ധപ്പെടാം. ഫോൺ 9847907161, 7560916058, 9645952807, 8138073864.

# ഉപഭോക്തൃ സംരക്ഷണ അവാർഡിന് അപേക്ഷിക്കാം

2019 ലെ രാജീവ് ഗാന്ധി സംസ്ഥാന ഉപഭോക്തൃ സംരക്ഷണ അവാർഡിന് കേരളത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഉപഭോക്തൃ സംഘടനകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. ഉപഭോക്തൃ സംരക്ഷണ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുകയും മൂന്നു വർഷത്തെ പരിചയവുമുള്ള സംഘടനകൾക്ക് അവാർഡിന് അപേക്ഷിക്കാം. വിശദവിവരങ്ങൾ ഉപഭോക്തൃ കാര്യ വകുപ്പ്, പൊതുവിതരണ വകുപ്പ് ഡയറക്ടറേറ്റ്, ജില്ലാ സപ്ലൈ ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്ന് ലഭിക്കും. അപേക്ഷകൾ 2022 ജനുവരി 15ന് വൈകിട്ട് അഞ്ചിന് മുൻപ് അഡീഷണൽ ചീഫ് സെക്രട്ടറി, ഉപഭോക്തൃ കാര്യ വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം1 എന്ന വിലാസത്തിൽ ലഭിക്കണം. സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനിൽ ഫയൽ ചെയ്ത കേസുകൾ, കമ്മീഷനുകൾക്ക് പുറത്ത് ഒത്തുതീർപ്പാക്കിയ കേസുകൾ എന്നിവയ്ക്ക് ഓരോ കേസിനും പരമാവധി 10 പോയിന്റും ഓരോ പുസ്തകത്തിനും പരമാവധി 20 പോയിന്റും വീതം ലഭിക്കും. നവമാദ്ധ്യമങ്ങളിലെ ഇടപെടലുകൾക്ക് (ഫേസ്ബുക്ക് പേജ്, ടിറ്റർ അക്കൗണ്ട് മുതലായവ) ലൈക്കുകൾ, ഷെയറുകൾ, പിന്തുടരുന്നവർ തുടങ്ങിയവ പരിഗണിച്ച് ഒരോ അക്കൗണ്ടിനും പരമാവധി 10 പോയിന്റ് വീതവും ജില്ല ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിൽ ഫയൽ ചെയ്ത കേസുകൾ ഓരോന്നിനും പരമാവധി അഞ്ച് പോയിന്റ് വീതവും സെമിനാറുകൾ, പ്രസിദ്ധീകരിച്ച മാഗസിനുകൾ, കൺസ്യൂമർ ക്ലബ് പ്രവർത്തനങ്ങൾ, ഉൽപ്പന്ന പരിശോധനകൾ എന്നിവയ്ക്ക് ഓരോന്നിനും പരമാവധി അഞ്ച് പോയിന്റ് വീതവും പ്രസിദ്ധീകരിച്ച ലഘുലേഖകൾക്ക് ഓരോന്നിനും പരമാവധി രണ്ട് പോയിന്റ് വീതവും ലഭിക്കും.

## പ്ലസ്ടു എൻഡോവ്മെൻറ് മന്ത്രി വിതരണം ചെയ്തു

കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി അംഗങ്ങളുടെ മക്കൾക്കുള്ള പ്ലസ് ടു എൻഡോവ്മെന്റ് നിയമ വ്യവസായ മന്ത്രി പി. രാജീവ് വിതരണം ചെയ്തു.

കേരള അഡ്വക്കേറ്റ് ക്ലർക്ക്സ് വെൽഫെയർ ഫണ്ട് കമ്മിറ്റി (കെ. എ.സി.ഡബ്ല്യൂ.എഫ് സി) ചെയർമാനും നിയമ സെക്രട്ടറിയുമായ വി. ഹരി നായർ അധ്യക്ഷത വഹിച്ചു.

നിയമ വകുപ്പ് ജോയിന്റ് സെക്രട്ടറിയും കമ്മിറ്റി മെമ്പറുമായ ജിഷ. ഡി, വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയും കമ്മിറ്റി സെക്രട്ടറിയുമായ അശോക കുമാർ എ, കമ്മിറ്റി മെമ്പർമാരായ വി.കെ. രാജേന്ദ്രൻ, നസീർ കെ.കെ, കെ.ശിവപ്രകാശ്, ബി. സന്തോഷ് കുമാർ, കെ.എൽ.സി. എ ജനറൽ സെക്രട്ടറി കെ. രാജമാണിക്യം എന്നിവർ പങ്കെടുത്തു.

# ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം/ബിരുദാനന്തര ബിരുദ തലങ്ങളിൽ പഠിച്ച് ഉന്നത വിജയം നേടിയ ന്യൂനപക്ഷ മത വിഭാഗങ്ങളിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ജനസംഖ്യാനുപാതത്തിൽ പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് നൽകുന്നതിന് സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.

കേരളത്തിൽ പഠിച്ച സ്ഥിരതാമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ നിന്ന് 202021 അദ്ധ്യയന വർഷത്തിൽ ബിരുദ തലത്തിൽ 80 ശതമാനം മാർക്കോ/ബിരുദാനന്തര ബിരുദ തലത്തിൽ 75 ശതമാനം മാർക്കോ നേടിയവർക്ക് അപേക്ഷിക്കാം. 15,000 രൂപയാണ് സ്കോളർഷിപ്പ്. ബി.പി.എൽ വിഭാഗക്കാർക്ക് മുൻഗണന. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മത വിഭാഗത്തിലെ എട്ട് ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള എ.പി.എൽ. വിഭാഗത്തെയും പരിഗണിക്കും. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും.

അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. ഠഠഠ.ാശിീൃശ്യേംലഹളമൃല.സലൃമഹമ.ഴീ.ശി ലൂടെ അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഡിസംബർ 27.

## ഐ സി ഫോസ്സിൽ കരാർ നിയമനം

സംസ്ഥാന ഐ.ടി വകുപ്പിന്റെ കീഴിലെ അന്താരാഷ്ട്ര സ്വതന്ത്ര സോഫ്റ്റ്വെയർ കേന്ദ്രത്തിൽ (ഐ സി ഫോസ്സ്) ബി.ടെക്/ എം.ടെക്/ ബി.എസ് സി (ഐ.റ്റി ആന്റ് കമ്പ്യൂട്ടർ സയൻസ്)/ എം.എസ് സി (ഐ.ടി/ കമ്പ്യൂട്ടർ സയൻസ്/ മാത്തമാറ്റിക്സ്/ സ്റ്റാറ്റിസ്റ്റിക്സ്) / എം.സി.എ/ എം.ബി.എ (സിസ്റ്റംസ്)/ എം.എ (കമ്പ്യൂട്ടേഷണൽ ലിങ്ഗ്വിസ്റ്റിക്സ്/ ലിങ്ഗ്വിസ്റ്റിക്സ്) ബിരുദധാരികളെ എഫ്.ഒ.എസ്.എസ് ഇന്നവേഷൻ ഫെല്ലോഷിപ്പ് 2021 പ്രോഗ്രാം/ പ്രോജക്റ്റിലേക്ക് ആവശ്യമുണ്ട്. താത്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി 17ന് രാവിലെ 9 ന് കാര്യവട്ടം സ്പോർട്സ് ഹബ്ബിലെ ഐസിഫോസ്സ് ഓഫീസ്സിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കണം.

# കാർഷിക, ഭക്ഷ്യ സംസ്കരണം സംബന്ധിച്ച ദേശീയ ഉച്ചകോടിയിൽ പ്രധാനമന്ത്രി ഡിസംബർ 16 ന് കർഷകരെ അഭിസംബോധന ചെയ്യും

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി 2021 ഡിസംബർ 16 ന് ഗുജറാത്തിലെ ആനന്ദിൽ രാവിലെ 11 മണിക്ക് കാർഷിക, ഭക്ഷ്യ സംസ്കരണ ദേശീയ ഉച്ചകോടിയുടെ സമാപന സമ്മേളനത്തിൽ വീഡിയോ കോൺഫറൻസിംഗിലൂടെ കർഷകരെ അഭിസംബോധന ചെയ്യും. സ്വാഭാവിക കൃഷിയിൽ ഊന്നൽ നൽകുന്ന ഉച്ചകോടി, പ്രകൃതിദത്ത കൃഷിരീതി അവലംബിക്കുന്നതിന്റെ ഗുണഫലങ്ങൾ വിശദമാക്കുന്ന ആവശ്യമായ എല്ലാ വിവരങ്ങളും കർഷകർക്ക് നൽകും.

കർഷക ക്ഷേമത്തിനായുള്ള പ്രധാനമന്ത്രിയുടെ കാഴ്ചപ്പാടാണ് ഗവണ്മെന്റിനെ നയിക്കുന്നത്. ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിന് ഇത് പ്രതിജ്ഞാബദ്ധമാണ്. അതുവഴി കർഷകർക്ക് അവരുടെ കാർഷിക സാധ്യതകൾ പരമാവധി വർദ്ധിപ്പിക്കാൻ കഴിയും. കൃഷിയെ പരിവർത്തനം ചെയ്യുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി ഗവണ്മെന്റ് നിരവധി നടപടികൾ ആരംഭിച്ചിട്ടുണ്ട്. വ്യവസ്ഥയുടെ സുസ്ഥിരത, ചെലവ് കുറയ്ക്കൽ, വിപണി പ്രവേശനം, കർഷകർക്ക് മെച്ചപ്പെട്ട മൂല്യബോധം എന്നിവയിലേക്ക് നയിക്കുന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നതിനുമുള്ള ശ്രമങ്ങൾ നടക്കുന്നു.

സീറോ ബജറ്റ് സ്വാഭാവിക കൃഷി എന്നത് കർഷകർ വാങ്ങുന്ന ഉൽപന്നങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനും, മണ്ണിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും സഹായിക്കുന്ന പരമ്പരാഗതമായോ പാടഅധിഷ്ഠിത സാങ്കേതികവിദ്യകളെ ആശ്രയിച്ച് കാർഷിക ചെലവ് കുറയ്ക്കുന്നതിനുള്ള ഒരു വാഗ്ദാനമായ ഉപകരണമാണ്. നാടൻ പശുവും അതിന്റെ ചാണകവും മൂത്രവും ഒരു പ്രധാന പങ്ക് വഹിക്കുന്നു, അതിൽ നിന്ന് ഫാമിൽ വിവിധ ഘടകങ്ങൾ നിർമ്മിക്കുകയും മണ്ണിന് ആവശ്യമായ പോഷകങ്ങൾ നൽകുകയും ചെയ്യുന്നു. വളരെ കുറഞ്ഞ ജലലഭ്യതയുള്ള സാഹചര്യങ്ങളിൽ പോലും, ജൈവാംശം ഉപയോഗിച്ച് മണ്ണ് പുതയിടുകയോ അല്ലെങ്കിൽ വർഷം മുഴുവനും മണ്ണ് പച്ചപ്പ് കൊണ്ട് മൂടുകയോ ചെയ്യുന്ന മറ്റ് പരമ്പരാഗത രീതികൾ, ആദ്യ വർഷം മുതൽ തന്നെ സുസ്ഥിരമായ ഉൽപാദനക്ഷമത ഉറപ്പാക്കുന്നു.

അത്തരം തന്ത്രങ്ങൾക്ക് ഊന്നൽ നൽകാനും രാജ്യത്തുടനീളമുള്ള കർഷകർക്ക് സന്ദേശം നൽകാനും ലക്ഷ്യമിട്ടാണ് ഗുജറാത്ത് ഗവണ്മെന്റ് സ്വാഭാവിക കൃഷിയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് കാർഷിക, ഭക്ഷ്യ സംസ്കരണത്തെക്കുറിച്ചുള്ള ദേശീയ ഉച്ചകോടി സംഘടിപ്പിക്കുന്നത് . 2021 ഡിസംബർ 14 മുതൽ 16 വരെയാണ് ത്രിദിന ഉച്ചകോടി സംഘടിപ്പിക്കുന്നത്. ഐ സി എ ആർ , കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, തുടങ്ങിയ കേന്ദ്ര ഇൻസ്റ്റിറ്റ്യൂട്ടുകൾ, കാർഷിക സാങ്കേതികവിദ്യ മാനേജ്മന്റ് ഏജൻസി (എ ടി എം എ ) യുടെ സംസ്ഥാനങ്ങളിലെ ശൃംഖല എന്നിവ വഴി കർഷകർ തത്സമയം ബന്ധപ്പെടുന്നതിന് പുറമെ, ഉച്ചകോടിയിൽ 5000ലധികം കർഷകർ പങ്കെടുക്കും.

# സമുദ്ര സുരക്ഷയ്ക്കു മൂന്നാമതൊരു വിമാനവാഹിനി വേണം: ദക്ഷിണ നാവിക കമാൻഡ് മേധാവി

കൊച്ചി: സമുദ്ര സുരക്ഷയ്ക്കു മൂന്നാമതൊരു വിമാനവാഹിനി കൂടി വേണമെന്ന് ദക്ഷിണ നാവിക കമാൻഡ് മേധാവി വൈസ് അഡ്മിറൽ എം എ ഹംപി ഹോളി. പുതിയ വിമാനവാഹിനിയ്ക്ക് വേണ്ടി ഇതിനകം നടപടി തുടങ്ങിയതായും പ്രതിരോധ മന്ത്രാലയത്തിൽ നിന്നുള്ള ഭരണാനുമതിയ്ക്കായി കാത്തിരിക്കുകയാണെന്നും ഹംപി ഹോളി പറഞ്ഞു. നാവിക ദിനാചരണത്തോട് അനുബന്ധിച്ചു കമാൻഡ് ആസ്ഥാനത്ത് നടത്തിയ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ലക്ഷദ്വീപിന്റെ അടിസ്ഥാന സൗകര്യ വികസനം നാവിക സേനയുൾപ്പെടെ എല്ലാ കേന്ദ്ര ഏജൻസികൾക്കും പ്രധാനപ്പെട്ട കാര്യമാണെന്ന് ഹംപി ഹോളി പറഞ്ഞു. ഇക്കാര്യത്തിൽ നീതി ആയോഗ് താൽപ്പര്യമെടുത്തിട്ടുണ്ട്. ആൻഡമാൻ നിക്കോബാർ ദ്വീപുകളെ സംബന്ധിച്ചിടത്തോളവും ഇതാണ് സ്ഥിതി. കടൽ വഴിയുള്ള ലഹരികടത്ത് തടയാൻ നാവികസേനയും ഇതര കേന്ദ്ര, സംസ്ഥാന ഇന്റലിജൻസ് ഏജൻസികളും യോജിച്ച പ്രവർത്തനങ്ങളാണ് നടത്തുന്നത്. മയക്കുമരുന്നും എകെ 47 തോക്കുകളുമായി ശ്രീലങ്കൻ ബോട്ട് പിടിയിലായത് ഇതിനെ തുടർന്നാണ്. ചില വിദേശ രാജ്യങ്ങളുടെ സഹകരണവും ഇക്കാര്യത്തിൽ ലഭിക്കുന്നുണ്ടെന്ന് ഹംപി ഹോളി പറഞ്ഞു.

## കൂൺ കൃഷി പരിശീലനം

കൊട്ടാരക്കര സദാനന്ദപുരം കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ കൂൺ കൃഷിയിൽ ഏകദിന പരിശീലനം ഡിസംബർ 15ന്. 12ന് മുമ്പ് 500 രൂപ അടച്ച് രജിസ്റ്റർ ചെയ്യാം.

# സൗജന്യ തൊഴിലധിഷ്ഠിത കോഴ്സുകൾ

കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം ക്യാമ്പസ്സിലെ ഐ.എച്ച്.ആർ.ഡി യുടെ മോഡൽ ഫിനിഷിങ് സ്കൂളിൽ ആരംഭിക്കുന്ന സൗജന്യ തൊഴിലധിഷ്ഠിത കോഴ്സുകളിൽ അപേക്ഷ ക്ഷണിച്ചു.

ഇലക്ട്രീഷ്യൻ ഡൊമസ്റ്റിക് സൊല്യൂഷൻസ്, ഫീൽഡ് ടെക്നിഷ്യൻ ആൻഡ് അദർ ഹോം അപ്ലയൻസ് കോഴ്സുകളാണ് ഡിസംബർ അവസാന വാരം ആരംഭിക്കുന്നത്. എസ്.എസ്.എൽ.സി ആണ് യോഗ്യത. 18നും 45നുമിടയിലാവണം പ്രായം. മൂന്നു മാസമാണ് കോഴ്സ് കാലാവധി.

അപേക്ഷകർ മൂന്നു ലക്ഷത്തിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള ഒ.ബി.സി വിഭാഗത്തിൽപെട്ടവരോ ഒരു ലക്ഷത്തിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള സാമ്പത്തിക പിന്നാക്ക വിഭാഗത്തിൽപെട്ടവരോ ആയിരിക്കണം. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്രതിമാസം 1,000 രൂപ സ്റ്റൈപ്പന്റ് ലഭിക്കും. രേഖകളുടെ അസ്സലും പകർപ്പുമായി ഡിസംബർ 14നകം ഓഫീസിൽ നേരിട്ട് ഹാജരാകണം.

എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, രണ്ടു പാസ്പോർട്ട് സൈസ് ഫോട്ടോ, അപേക്ഷന്റെ പേരിലുള്ള ബാങ്ക് പാസ്സ് ബുക്ക്, ആധാർ കാർഡ് എന്നിവ കരുതണം. അപേക്ഷകർ 04712307733, 8547005050 എന്നീ നമ്പറുകളിലോ മോഡൽഫിനിഷിങ്ങ് സ്കൂൾ ഓഫീസുമായോ ബന്ധപ്പെടണം.




സമം പരിപാടിയുടെ സംഘാടക സമിതി യോഗം ജില്ലാ പഞ്ചായത്ത് ഹാളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ ഉദ്ഘാടനം ചെയ്യുന്നു




# ഹെലികോപ്റ്റർ കരാർ ചിപ്സൻ ഏവിയേഷന്; മാസം 80 ലക്ഷം വാടക

തിരുവനന്തപുരം: സംസ്ഥാന പോലീസിൻറെ ഹെലികോപ്റ്റർ കരാർ ഡൽഹി ആസ്ഥാനമായ ചിപ്സൻ ഏവിയേഷന്. പ്രതിമാസം 80 ലക്ഷം രൂപ വാടകയ്ക്ക് 20 മണിക്കൂർ പറക്കും.

അധിക മണിക്കൂറിന് 90,000 രൂപ വീതം നൽകണം. ആറ് സീറ്റുള്ള ഹെലികോപ്റ്ററിന് മൂന്നു വർഷത്തേക്കാണ് കരാർ.

കഴിഞ്ഞ തവണ പവൻ ഹൻസിന് ഹെലികോപ്റ്റർ കരാർ ടെണ്ടർ ഇല്ലാതെ നൽകിയത് വിവാദമായിരുന്നു. 1.5 കോടി രൂപയായിരുന്നു പ്രതിമാസ വാടക. പവ!ൻ ഹൻസുമായുള്ള കരാ!ർ ഏപ്രിലിൽ മൂന്ന് വർഷം പൂ!ർത്തിയാക്കി. ഇതോടെയാണ് പുതിയ കരാർ നൽകിയത്.

2018ലെ പ്രളയത്തിന് പിന്നാലെയാണ് രക്ഷാപ്രവർത്തനങ്ങൾക്ക് ഗുണകരമാവും എന്ന് ചൂണ്ടിക്കാട്ടി ഹെലികോപ്റ്റ!ർ വാടകയ്ക്ക് എടുക്കാമെന്ന് സംസ്ഥാന സ!ർക്കാരിന് പോലീസ് ശുപാർശ ചെയ്തത്.

## ബാലാവകാശ സംരക്ഷണം: ശിൽപ്പശാല നടത്തി

ബാലാവകാശ സംരക്ഷണം സമൂഹത്തിന്റെ കൂട്ടുത്തരവാദിത്വമാണെന്ന് ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർമാൻ അഡ്വ. കെ.വി മനോജ് കുമാർ. ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ബാലസംരക്ഷണ സമിതികളുടെ ശാക്തീകരണ ശില്പശാല ജവഹർ ബാലഭവനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജില്ലയിലെ തദ്ദേശസ്ഥാപനങ്ങൾ, ബാല സംരക്ഷണ സമിതി അംഗങ്ങൾ, ചൈൽഡ് ലൈൻ പ്രവർത്തകർ തുടങ്ങിയവരുടെ കൂട്ടായ പരിശ്രമത്തിലൂടെയും സമിതികളുടെ സമഗ്രമായ ശാക്തീകരണത്തിലൂടെയും ബാല സൗഹൃദ ജില്ല എന്ന ലക്ഷ്യം യാഥാർഥ്യമാക്കണം അദ്ദേഹം പറഞ്ഞു. ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അംഗം അനിൽ. എസ്. കല്ലേലിഭാഗം അധ്യക്ഷനായി. പ്രസന്നകുമാരി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കെ.ഗോപിനാഥൻ, അസിസ്റ്റന്റ് ലേബർ ഓഫീസർ ആർ. ശ്രീകുമാർ തുടങ്ങിയവർ പങ്കെടുത്തു.



മന്ത്രി അഹമ്മദ് ദേവർ കോവിൽ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണ പുരോഗതി വിലയിരുത്താൻ സൈറ്റ് സന്ദർശനവും പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്ന അവലോകന യോഗത്തിലും പങ്കെടുക്കുന്നു.

# ബിപിഎൽ വിദ്യാർഥികൾക്ക് സൗജന്യ യാത്ര നൽകി കൺസഷൻ അവസാനിപ്പിക്കാൻ നീക്കം

തിരുവനന്തപുരം: ബസ് ചാർജ് വർധന അനിവാര്യമാണെന്ന് ഗതാഗത മന്ത്രി ആൻറണി രാജു. അതേസമയം വിദ്യാർഥികളുടെ കൺസഷൻ തുടരുമെന്നും മന്ത്രി വ്യക്തമാക്കി. ബസ് ചാർജ് വർധന സംബന്ധിച്ച് ജസ്റ്റീസ് രാമചന്ദ്രൻ കമ്മറ്റിയുമായി നടത്തിയ ചർച്ചയ്ക്കു ശേഷം സംസാരിക്കുകയായിരുന്നു ഗതാഗത മന്ത്രി ആൻറണി രാജു.

ബിപിഎൽ വിദ്യാർഥികൾക്ക് സൗജന്യ യാത്ര പരിഗണിക്കും. കുടുംബ വരുമാനത്തിന് ആനുപാതികമായി കൺസഷൻ നിജപ്പെടുത്തുന്നതിനാണ് ആലോചന.

രാത്രികാല യാത്രാ ബസുകളുടെ എണ്ണം വർധിപ്പിക്കുമെന്നും നിരക്കിൽ വ്യത്യാസം വരുത്തുമെന്നും ഗതാഗത മന്ത്രി വ്യക്തമാക്കി. ബസ് ചാർജ് വർധനയുമായി ബന്ധപ്പെട്ട വിഷയത്തിൽ ബസുടമകളുമായി ചർച്ച നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

# പഠിക്കാതെ ഒപ്പിടില്ല; തരൂർ

തിരുവനന്തപുരം: കെ റെയിൽ പദ്ധതിക്കെതിരേ യുഡിഎഫ് എംപിമാർ റെയിൽവേ മന്ത്രിക്കു നൽകിയ നിവേദനത്തിൽ ഒപ്പ് വയ്ക്കാതിരുന്നതിൽ വിശദീകരണവുമായി ശശി തരൂർ എംപി. പദ്ധതിയെക്കുറിച്ച് പഠിക്കാൻ സമയം വേണമെന്നുള്ളതുകൊണ്ടാണ് നിവേദനത്തിൽ ഒപ്പ് വയ്ക്കാതിരുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഫേസ്ബുക്കിലായിരുന്നു തരൂരിൻറെ വിശദീകരണം.

നിവേദനത്തിൽ ഒപ്പ് വച്ചില്ല എന്നത് കൊണ്ട് പദ്ധതിക്ക് അനുകൂലമാണ് എന്നതല്ല അർഥം. മറിച്ച് പദ്ധതിയെക്കുറിച്ച് കൃത്യമായി പഠിക്കാൻ സമയം വേണമെന്നാണ്. നിവേദനത്തിൽ വ്യക്തമാകുന്നത് പദ്ധതിയെക്കുറിച്ചുള്ള ചില ചോദ്യങ്ങൾക്ക് മറുപടി ലഭിക്കേണ്ടതുണ്ട് എന്നതാണ്.

ഇതിൻറെ സാമൂഹ്യ പ്രശ്നങ്ങൾ, പരിസ്ഥിതി പ്രശ്നങ്ങൾ, പദ്ധതി വരുത്തി വയ്ക്കുന്ന സാമ്പത്തിക ബാധ്യത തുടങ്ങിയവ കൂടുതൽ പഠനവും, കൂടിയാലോചനയും വേണ്ട കാര്യമായ പ്രശ്നങ്ങളാണ്. വിഷയം പഠിക്കാനും, ചർച്ച ചെയ്യാനും ഫോറം രൂപീകരിക്കണമെന്നും തരൂർ സർക്കാരിനോട് ആവശ്യപ്പെട്ടു.

# സ്കൂൾ കുട്ടികൾക്ക് പാൽ ഇനി ആഴ്ച്ചയിൽ ഒരു ദിവസം

തിരുവനന്തപുരം: സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ കുട്ടികൾക്കായുള്ള പാൽ ആഴ്ച്ചയിൽ ഒരു ദിവസമായി ചുരുക്കി. ഉച്ചഭക്ഷണപദ്ധതിയിൽ പെടുത്തി ആഴ്ച്ചയിൽ രണ്ടു ദിവസം പാലും ഒരു ദിവസം മുട്ടയും നല്കുന്ന ക്രമീകരണമായിരുന്നു നിലവിലുണ്ടായിരുന്നത്.

എന്നാൽ പലചരക്കിൻറെയും പാചകവാതകത്തിൻറെയും വിലക്കയറ്റം രൂക്ഷമായതോടെ സ്കൂൾ ഉച്ചഭക്ഷണപദ്ധതി നടത്തിക്കൊണ്ടുപോകാൻ പ്രധാനാധ്യാപകർ ഏറെ ബുദ്ധിമുട്ടുന്ന സ്ഥിതിയായിരുന്നു. ഉച്ചഭക്ഷണത്തിനായുള്ള കണ്ടിജൻസി ഫണ്ട് വർധിപ്പിക്കണമെന്ന ആവശ്യം ഹെഡ്മാസ്റ്റർമാർ മുന്നോട്ടുവച്ചിരുന്നു.

നിലവിൽ സ്കൂളിൽ ബാച്ചുകളായി ക്ലാസുകൾ നടക്കുന്ന സാഹചര്യത്തിൽ ആഴ്ച്ചയിൽ ഒരു ദിവസം 150 മില്ലി ലിറ്റർ പാൽ ഒരു ദിവസം മുട്ടയോ മുട്ട കഴിക്കാത്ത വിദ്യാർഥികൾക്ക് നേന്ത്രപ്പഴം എന്ന രീതിയിൽ പുനക്രമീകരിച്ചുകൊണ്ട് വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചു. പാചകച്ചിലവിനുള്ള തുക വർധിപ്പിക്കണമെന്നുള്ള പ്രധാനാധ്യാപകരുടെ ആവശ്യത്തിൽ ഇതുവരേയും തീരുമാനമായിട്ടില്ല.

# ഓക്സിജൻ വിതരണ സംവിധാനങ്ങളുടെ സ്ഥാപനം, നിലവിലെ പ്രവർത്തനം കേന്ദ്രം വിലയിരുത്തി

ചികിത്സാവശ്യത്തിന് ഉപയോഗിക്കുന്ന ഓക്സിജൻ വിതരണ സംവിധാനങ്ങളുടെ നിലവിലെ അവസ്ഥ, തയ്യാറെടുപ്പുകൾ എന്നിവ കേന്ദ്ര ആരോഗ്യ സെക്രട്ടറി ശ്രീ രാജേഷ് ഭൂഷൻ, സംസ്ഥാന കേന്ദ്രഭരണപ്രദേശ ഭരണകൂടങ്ങളുമായി വീഡിയോ കോൺഫറൻസിലൂടെ ഇന്ന് വിലയിരുത്തി.

ജടഅ പ്ലാന്റുകൾ, ഓക്സിജൻ കോൺസെൻട്രേറ്ററുകൾ, വെന്റിലേറ്ററുകൾ, ഓക്സിജൻ സിലിണ്ടറുകൾ, ദ്രവീകൃത മെഡിക്കൽ ഓക്സിജൻ പ്ലാന്റുകൾ (ഘങഛ), മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ സംവിധാനങ്ങൾ (ങഏജട) എന്നിവയ്ക്ക് ആവശ്യമായ സാങ്കേതികസാമ്പത്തിക പിന്തുണ, ഉപകരണങ്ങൾ തുടങ്ങിയവ നൽകിക്കൊണ്ട് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കേന്ദ്ര ഗവൺമെന്റ് സഹായം ഉറപ്പാക്കി വരുന്നു.

ഇവയുടെ നിലവിലെ അവസ്ഥ ദിവസവും വിലയിരുത്താനും നിരീക്ഷിക്കാനും സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകി. കൂടാതെ, ജില്ലകളിൽ വിതരണം ചെയ്ത ഇത്തരം സംവിധാനങ്ങൾ സ്ഥാപിക്കുന്നതിൽ ആരോഗ്യ പാലന കേന്ദ്രങ്ങളിൽ ഉണ്ടാകുന്ന സമയദൈർഘ്യം പരമാവധി കുറയ്ക്കണം എന്നും യോഗത്തിൽ ആവശ്യപ്പെട്ടു.

മെഡിക്കൽ ഓക്സിജൻ വിതരണ സൗകര്യങ്ങൾ വേഗത്തിൽ പ്രവർത്തനസജ്ജം ആക്കുന്നത് ഉറപ്പാക്കുന്നതിനായി, വൈദ്യുതി/സ്ഥലം എന്നിവ സംബന്ധിച്ച് ഉണ്ടാകുന്ന പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കുന്ന തിനായി ഉഞഉഛ, ഒകഘഘ തുടങ്ങിയവയുമായി സഹകരിക്കണമെന്ന് സംസ്ഥാന നോഡൽ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം കൈമാറി.

ഇന്ന് വരെയുള്ള കണക്കുകൾ പ്രകാരം രാജ്യത്ത് 3,236 ജടഅ പ്ലാന്റുകൾ ആണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഇവയുടെ മൊത്തം സ്ഥാപിതശേഷി 3,783 ങഠ വരും. കൂടാതെ, ജങ ഇഅഞഋട (1 ലക്ഷം), ഘഇങജകകക (14,000) എന്നിവ വഴിയായി 1,14,000 ഓക്സിജൻ കോൺസെൻട്രേറ്ററുകൾ ആണ് സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ളത്. 1,374 ആശുപത്രികളിലായി 958 ഘങഛ സംഭരണ ടാങ്കുകൾ, മെഡിക്കൽ ഗ്യാസ് പൈപ്പ്ലൈൻ സംവിധാനങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനായി ഋഇഞജകക യ്ക്ക് കീഴിൽ തുക അനുവദിച്ചിട്ടുണ്ട്. തദ്ദേശീയ ഓക്സിജൻ ഉത്പാദനശേഷി വർധിപ്പിക്കുന്നതിന് ഈ അവസരങ്ങൾ പ്രയോജനപ്പെടുത്തണമെന്ന് സംസ്ഥാനങ്ങൾക്കു നിർദേശം നൽകി കഴിഞ്ഞു. കൂടാതെ, ഗവൺമെന്റ് ആശുപത്രികളിൽ മെഡിക്കൽ ഗ്യാസ് പൈപ്പ്ലൈൻ സംവിധാനങ്ങൾ സ്ഥാപിച്ചു, പണി പൂർത്തിയാക്കി അവ ഉടൻതന്നെ പ്രവർത്തന സജ്ജമാക്കണമെന്നും നിർദ്ദേശമുണ്ട്.

നിലവിൽ സ്ഥാപിക്കപ്പെട്ട ജടഅ പ്ലാന്റുകൾ പ്രവർത്തന സജ്ജമാണ് എന്നത് ഉറപ്പാക്കുന്നതിനായി 2021 ഡിസംബർ അവസാനത്തിനുള്ളിൽ മോക്ക് ഡ്രില്ലുകൾ സംഘടിപ്പിക്കണമെന്ന് സംസ്ഥാനങ്ങൾക്ക് കർശനനിർദേശം ഉണ്ട്. ഇവയുടെ റിപ്പോർട്ടുകൾ നിർദിഷ്ട പോർട്ടലുകൾ വഴി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിനു സമർപ്പിക്കണം. ഇനിയും പൂർണമാവാത്ത ഓക്സിജൻ ഓഡിറ്റ് റിപ്പോർട്ടുകൾ പൂർത്തിയാക്കിയതിനുശേഷം 2021 ഡിസംബർ അവസാനത്തോടെ നിർദ്ദിഷ്ട പോർട്ടൽ വഴി സമർപ്പിക്ക ണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

ജടഅ പ്ലാന്റുകൾ, മറ്റ് മെഡിക്കൽ ഓക്സിജൻ അനുബന്ധ അടിസ്ഥാനസൗകര്യങ്ങൾ എന്നിവയുടെ പ്രവർത്തനം, പാലനം എന്നിവ സംബന്ധിച്ച് ടെക്നീഷ്യന്മാർ, ആശുപത്രി ജീവനക്കാർ എന്നിവർക്ക് മികച്ച പരിചയവും കഴിവും ഉറപ്പാക്കുന്നതിനായി സമഗ്രമായ പരിശീലന പരിപാടികൾ ആണ് കേന്ദ്ര ആരോഗ്യ മന്ത്രാലയം സംഘടിപ്പിക്കുന്നത്. മുൻകൂട്ടി തീരുമാനിച്ചിട്ടുള്ള പരിശീലന പരിപാടികൾ ഇനിയും പൂർത്തീകരിക്കാനുള്ള സംസ്ഥാനങ്ങൾ ജില്ലാ നൈപുണ്യ വികസന സമിതികളുമായി ചേർന്നുകൊണ്ട് ഡിസംബർ അവസാനത്തിനുള്ളിൽ ശേഷിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കണമെന്ന് നിർദേശമുണ്ട്.

ചങഒ മിഷൻ ഡയറക്ടർ, വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള സംസ്ഥാന സർവൈലൻസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ അവലോകന യോഗത്തിൽ പങ്കെടുത്തു.

# സംസ്ഥാനത്ത് ഇന്ന് 4,006 പേർക്ക് കോവിഡ്; മരണം 43,626 ആയി

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 4,006 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. തിരുവനന്തപുരം 830, എറണാകുളം 598, കോഴിക്കോട് 372, കോട്ടയം 364, തൃശൂർ 342, കൊല്ലം 260, കണ്ണൂർ 237, ഇടുക്കി 222, ആലപ്പുഴ 174, പത്തനംതിട്ട 158, മലപ്പുറം 132, വയനാട് 132, പാലക്കാട് 115, കാസർഗോഡ് 70 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 65,704 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജഞ) പത്തിന് മുകളിലുള്ള അഞ്ച് തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി ആറ് വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,49,628 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 1,45,536 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻറൈനിലും 4,092 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 203 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 35,234 കോവിഡ് കേസുകളിൽ, 7.8 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 125 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ സുപ്രീംകോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 157 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 43,626 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 14 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 3,750 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 207 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 35 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 3,898 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 738, കൊല്ലം 633, പത്തനംതിട്ട 139, ആലപ്പുഴ 136, കോട്ടയം 180, ഇടുക്കി 184, എറണാകുളം 508, തൃശൂർ 222, പാലക്കാട് 50, മലപ്പുറം 218, കോഴിക്കോട് 419, വയനാട് 125, കണ്ണൂർ 267, കാസർഗോഡ് 79 എന്നിങ്ങനേയാണ് രോഗമുക്തിയായത്.

ഇതോടെ 35,234 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 51,24,899 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

## കടുവ ഭീതി; തെരയാൻ കുങ്കിയാനകളും ഡ്രോണും

മാനന്തവാടി: രണ്ടാഴ്ചയിലേറെയായി കുറുക്കൻമൂല മേഖലയിൽ ഭീതിപരത്തുന്ന കടുവയെ തെരയാൻ കുങ്കിയാനകൾ എത്തുന്നു. കടുവയെ കണ്ടെത്തുന്നതിനായി എല്ലാവിധ സംവിധാനങ്ങളുമുപയോഗിച്ചുള്ള തെരച്ചിലാണ് വനം വകുപ്പ് ഒരുക്കുന്നത്. ഇതിൻറെ ഭാഗമായി പ്രദേശത്ത് ഡ്രോണുകൾ ഉപയോഗിച്ചും നിരീക്ഷണം നടത്തും.

കുറുക്കൻ മൂലയിൽ 16 ദിവസത്തിനിടെ 15 വളർത്തുമൃഗങ്ങളെയാണ് കടുവ പിടികൂടിയത്. ചൊവ്വാഴ്ച പുലർച്ചയും കടുവ ഒരു ആടിനെ കൊന്നു. ജനങ്ങളുടെ ആശങ്ക ശക്തമായതോടെയാണ് കൂടുതൽ കടുത്ത നടപടികളിലേക്ക് കടക്കാൻ ജില്ലാ ഭരണകൂടം തീരുമാനിച്ചത്.

# ഭർത്താവിനെ വെട്ടിക്കൊലപ്പെടുത്തിയ വീട്ടമ്മ പിടിയിൽ

പുതുപ്പള്ളി: പയ്യപ്പാടിയിൽ ഭർത്താവിനെ വെട്ടിക്കൊലപ്പെടുത്തിയശേഷം ആറുവയസുകാരനായ മകനൊപ്പം വീടുവിട്ടിറങ്ങിയ വീട്ടമ്മ പിടിയിൽ. പയ്യപ്പാടി പെരുങ്കാവ് പടനിലം മാത്യു ഏബ്രഹാമാ(സിജി49)ണു കൊല്ലപ്പെട്ടത്. ഭാര്യ റോസന്നയാണ് പിടിയിലായത്. ചൊവ്വാഴ്ച രാത്രിയോടെ മണർകാട് പള്ളി പരിസരത്തുനിന്നുമാണ് ഇവർ പിടിയിലായത്. ചൊവ്വാഴ്ച പുലർച്ചെ 5.30 ന് പുതുപ്പള്ളി പയ്യപ്പാടി വാഴച്ചിറ ഭാഗത്തെ വീട്ടിലായിരുന്നു സംഭവം. മാനസികാസ്വാസ്ഥ്യം പ്രകടിപ്പിച്ചിരുന്ന യുവതി ഇടയ്ക്കിടെ വീട് വിട്ടു പോകുന്നതു പതിവായിരുന്നു. പുലർച്ചെ 5.30നു മകനെയും കൂട്ടി യുവതി വീട്ടിൽനിന്നു പുറത്തേക്കു പോയിരുന്നു. രാവിലെ 8.30നു വീട്ടിൽനിന്നും അനക്കമൊന്നും കേൾക്കാതിരുന്നതോടെ പ്രദേശവാസികൾ നടത്തിയ പരിശോധനയിലാണ് സിജിയുടെ മൃതദേഹം കണ്ടെത്തിയത്. നാട്ടുകാർ പഞ്ചായത്ത് അംഗത്തെയും പോലീസിനെയും വിവരം അറിയിച്ചു. പോലീസ് സംഘം സ്ഥലത്തെത്തി ഇൻക്വസ്റ്റ് നടത്തി മൃതദേഹം കോട്ടയം മെഡിക്കൽ കോളജിലേക്കു മാറ്റി. റോസന്നയെ അനാഥാലയത്തിൽനിന്നും വിവാഹം ചെയ്ത് കൂട്ടിക്കൊണ്ടുവരുമ്പോൾ നല്ലപാതിയെന്ന സ്വപ്നം മാത്രമാണ് സജി കണ്ടത്. എന്നാൽ സജി ആഗ്രഹിച്ച നല്ലപാതിയാകാൻ താളംതെറ്റിയ മനസ് റോസന്നയെ അനുവദിച്ചില്ല. റോസന്നയുടെ കൈകൾ തന്നെ സജിയുടെ അന്ത്യം കുറിക്കുകയും ചെയ്തു. തമിഴ്നാട് ബോഡിമറ്റം സ്വദേശിനിയായ റോസന്ന കോട്ടയത്തെ ഒരു അനാഥാലയത്തിലെ അന്തേവാസിയായിരുന്നു. ഒൻപതു വർഷങ്ങൾക്ക് മുമ്പായിരുന്നു സിജു റോസന്നയെ ജീവിത സഖിയാക്കിയത്. ഇവർക്കു മാനസിക പ്രശ്നങ്ങളുള്ള വിവരം സിജി അറിഞ്ഞിരുന്നില്ല. ബന്ധുക്കളും ഏതാനും ചില നാട്ടുകാരും മാത്രമാണ് ഇവരുടെ വിവാഹ വിവരം അറിഞ്ഞതുപോലും. നാളുകൾക്കുശേഷം ഇവർക്ക് മകനുണ്ടായി. ആരെയും റോസന്ന വീട്ടിൽ പ്രവേശിപ്പിച്ചിരുന്നില്ലെന്ന് ബന്ധുക്കൾ പറയുന്നു. മുൻപും റോസന്ന നാട് വിട്ട് പോയിട്ടുണ്ട്. അന്ന് ഇവരെ തമിഴ്നാട്ടിൽനിന്നുമാണ് കണ്ടെത്തിയതെന്നും പോലീസ് പറയുന്നു. ഇടയ്ക്കിടെ മാനസികാസ്വാസ്ഥ്യം പ്രകടിപ്പിച്ചിരുന്ന റോസന്നയെ വിദഗ്ധ ചികിത്സയ്ക്കായി കുതിരവട്ടം മാനസികാരോഗ്യകേന്ദ്രത്തിൽ കൊണ്ടുപോകാനിരിക്കുകയായിരുന്നു സിജു. വീട്ടിൽ പറയത്തക്ക വഴക്കുകളോ അസ്വാരസ്യങ്ങളോ ഉണ്ടായിരുന്നില്ലെന്നും നല്ല നിലയിൽ കുടുംബം നോക്കിയിരുന്ന വ്യക്തിയായിരുന്നു ഓട്ടോറിക്ഷ ഡ്രൈവറായ സിജുവെന്നും നാട്ടുകാർ പറയുന്നു.

# സൗരോർജ്ജ മേഖലയിൽ സംരംഭകത്വ പരിശീലനം

ഏജൻസി ഫോർ ന്യൂ ആൻഡ് റിന്യൂവബിൾ എനർജി റിസർച്ച് ആൻഡ് ടെക്നോളജി (അനെർട്ട്) സൗരോർജ്ജ മേഖലയിലെ സംരംഭകർക്കായി ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

നിലവിലെ സംരംഭകർക്കും സംരംഭം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കും അപേക്ഷിക്കാം. ംww.anert.in എന്ന വെബ്സൈറ്റ് വഴി ഈ മാസം 13ന് മുമ്പ് അപേക്ഷിക്കണം.

ആറു ദിവസങ്ങളിലായി 18 മണിക്കൂർ ദൈർഘ്യമുള്ളതാണ് ഈ പരിശീലന പരിപാടി. അപേക്ഷയുടെ മുൻഗണന ക്രമത്തിൽ 40 പേർക്കാണ് പ്രവേശനം.

അപേക്ഷ ഫീസ് 2,000 രൂപ. കൂടുതൽ വിവരങ്ങൾക്ക്: 9188119419, 1800 425 1803 (ടോൾ ഫ്രീ), training@anert.org, crm@anert.in.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.